കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

## വല്ലപ്പുഴ ഗ്രാമ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്
e-mail:dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-പികെഡി16/1818/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്, തീയതി-19.10.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

വല്ലപ്പുഴ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : വല്ലപ്പുഴ ഗ്രാമപഞ്ചായത്ത് -2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് -സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വല്ലപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-പികെഡി16/1818/2017 തിയതി :11.10.2017

## പാലക്കാട് ജില്ലയിലെ വല്ലപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ വല്ലപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 21.9.2016 മുതൽ 26.8.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | പി.എം. രതീഷ് കുമാർ<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 15.9.2017 മുതൽ 23.9.2017 വരെ |

| | | |
|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.പി.സുജാത | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.എ.സുജാത | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.താരിഖ്.എം.എസ്. | ഓഡിറ്റർ |
| | ശ്രീമതി.അനില.സി.എസ്. | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.എൻ.നന്ദവിലാസിനി | 1.4.16 മുതൽ 31.3.17 വരെ |
| സെക്രട്ടറി | ശ്രീ.ഉണ്ണികൃഷ്ണൻ<br>ഹെഡ് ക്ലാർക്ക് (ഇൻ ചാർജ്) | 1.4.16 മുതൽ 20.9.16 വരെ |
| | ശ്രീ.റെനി സൈമൺ | 21.9.16 മുതൽ 5.10.16 വരെ |
| | ശ്രീ.സുരേഷ് ബാബു | 6.10.16 മുതൽ 26.12.16FN വരെ |
| | ശ്രീ.ചന്ദ്രൻ നായർ | 26.12.16AN മുതൽ 31.3.16 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| കൃഷി ഓഫീസർ | ശ്രീ.രവീന്ദ്രൻ.ഇ.എൻ | 1.4.16 മുതൽ 25.7.16 വരെ |
| | ശ്രീ.ശരത് മോഹൻ | 26.7.16 മുതൽ 31.3.17 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.അനുഷ.ആർ. | 1.4.16 മുതൽ 8.7.16FN വരെ |
| | ശ്രീ.അഭിലാഷ് കൃഷ്ണൻ | 8.7.16AN മുതൽ 20.9.16FN വരെ |
| | ശ്രീമതി.വിജിത.കെ.വി. | 20.9.16AN മുതൽ 7.11.16FN വരെ |
| | ശ്രീ.ദീപക്.എസ്.ആർ. | 7.11.16AN മുതൽ 1.2.17FN വരെ |
| | ശ്രീ.അശോക് കുമാർ.കെ.എ. | 1.2.17AN മുതൽ 20.3.17FN വരെ |
| | ശ്രീ.ബിജിത്ത്.പി.കൃഷ്ണൻ | 20.3.17 AN മുതൽ 31.3.17 വരെ |
| പ്രധാനാദ്ധ്യാപിക,<br>GLPS, ചെറുകോട് | ശ്രീമതി. പ്രേമ.ടി.കെ. | 1.4.16 മുതൽ 31.3.17 വരെ |
| വി.ഇ.ഒ. | ശ്രീ.വിജയൻ.കെ.ജെ. | 1.4.16 മുതൽ 31.3.17 വരെ |
| ഐ.സി.ഡി എസ് സൂപ്പർവൈസർ | ശ്രീമതി.ജയശ്രീ | 1.4.16 മുതൽ 31.3.17 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | ഡോ.സൗമ്യ | 1.4.16 മുതൽ 31.3.17 വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ.പത്മം | 1.4.16 മുതൽ 30.11.16 വരെ |
| | ഡോ.സമീർ | 1.12.16 മുതൽ 14.12.16FN വരെ |
| | ഡോ.ജിസറോസ് | 14.12.16ANമുതൽ 31.3.17 വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ. സുമയ്യ | 1.4.16 മുതൽ 31.3.17 വരെ |
| വെറ്ററിനറി സർജൻ | ഡോ.ബാലൻ | 1.4.16 മുതൽ 31.3.17 വരെ |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 5.3.16 തിയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. 20.6.16 തിയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം പുതുക്കിയ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.7.2017 | 27.6.17 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് - ₹. 7610599

വരവ് - ₹. 36980676

ആകെ - ₹. 44591275

ചെലവ് - ₹. 38249599

നീക്കിയിരിപ്പ് - ₹. 6341676

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് (അലോട്ട് മെന്റ്) അപ്രോപ്രി യേഷൻ പ്രകാരം | ആകെ | ചെലവ് | വിനി യോഗിക്കാത്ത തുക | നീക്കി യിരിപ്പ് | ചെലവ് ശത മാനം |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 10431421 | 10431421 | 6767214 | 3664207 | 0 | 64.87 |
| വികസനഫണ്ട് എസ്.സി.പി. | 0 | 5550756 | 5550756 | 3958920 | 1591836 | 0 | 71.32 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 5923284 | 5923284 | 0 | 5923284 | 0 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 2836659 | 2836659 | 2093085 | 743574 | 0 | 73.78 |
| 14-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 5870760 | 5870760 | 3849292 | 2021468 | 0 | 65.56 |
| പെർഫോമൻസ് ഗ്രാന്റ് (central) | 0 | 3485442 | 3485442 | 1826355 | 1659087 | 0 | 52.39 |

സംരക്ഷണ ഗ്രാന്റ് (റോഡ്) ഇനത്തിൽ ലഭിച്ച 59 ലക്ഷത്തിൽപരം രൂപയിൽ ഒരു രൂപ പോലും ചെലവഴിച്ചിട്ടില്ല.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 168 | 67255541 | 76 | 20775123 | 92 | 45.23 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 7 | 7 | 2530750 | 2425265 | 95.83 |
| വെറ്ററിനറി സർജൻ | 4 | 4 | 1870500 | 695525 | 37.18 |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 3 | 3 | 475200 | 394736 | 83.06 |

| | | | | | |
|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ, ഹോമിയോ | 3 | 3 | 380000 | 376000 | 98.95 |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | 3 | 3 | 600000 | 600000 | 100 |
| വി.ഇ.ഒ. | 10 | 7 | 10088119 | 4968700 | 49.25 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 12 | 11 | 5808650 | 3413760 | 58.77 |
| സെക്രട്ടറി | 19 | 9 | 10391505 | 1680563 | 16.17 |
| പ്രധാനാദ്ധ്യാപിക | 5 | 5 | 1079630 | 1024830 | 94.92 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 102 | 24 | 34031187 | 5195744 | 15.26 |
| ആകെ | 168 | 76 | 67255541 | 20775123 | 30.89 |

# 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 31.14ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2763888 | 3752075 | 988187 | (+)35.75 |
| നികുതിയേതര വരവുകൾ | 530076 | 627503 | 97427 | (+)18.38 |
| മറ്റുവരവുകൾ | 79088 | 43766 | (-) 35322 | (-)44.66 |
| ആകെ | 3373052 | 4423344 | 1050292 | (+)31.14 |

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പദ്ധതി | 2016-17 ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം അംഗീകരിച്ചത് | നിരസിച്ചവ |
|---|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 3 | 2 | 1 |
| 2 | തൊഴിൽ രഹിത വേതനം | 0 | 0 | 0 |
| 3 | വിധവാ പെൻഷൻ | 108 | 94 | 14 |

| | | | | |
|---|---|---|---|---|
| 4 | വികലാംഗ പെൻഷൻ | 21 | 9 | 12 |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 6 | 3 | 3 |
| 6 | വാർദ്ധക്യകാല പെൻഷൻ | 350 | 297 | 53 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.9.17ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 29921/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.7.17 | 1.1.17 to 31.3.17 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 19.12.2005 | 1997-98 to 2004-05 | 22.2.2006 |

# ഭാഗം-2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഓർഫനേജ് ഓഡിറ്റോറിയം - മുഴുവൻ കെട്ടിടത്തിന്റെയും വസ്തുനികതി നിർണ്ണയച്ചിട്ടില്ല

പഞ്ചായത്തിൽ നിന്നും ലഭ്യമായ വസ്തുനികുതി അസ്സസ്സ്മെന്റ് രജിസ്റ്റർ, സഞ്ചയ സോഫ്റ്റ്വെയർ പ്രകാരം ലഭ്യമായ ഫോം 6 എന്നിവ പരിശോധിച്ചതിൽ സെക്രട്ടറി, ദാറുന്നജാത്ത് ഇസ്ലാമിക് കോംപ്ലക്സ്, വല്ലപ്പുഴ -യുടെ ഉടമസ്ഥതയിലുള്ള (കെട്ടിട നമ്പർ 4/417) ഓർഫനേജ് ഓഡിറ്റോറിയത്തിന്റെ ആകെ വിസ്തീർണ്ണം 250 ച.മീ. ആയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 22.09.2017-ാം തീയതി പഞ്ചായത്തിലെ ക്ലർക്ക്, ഓവർസിയർ എന്നിവരുടെ സാന്നിധ്യത്തിൽ ഓഡിറ്റോറിയം നേരിൽ പരിശോധിച്ചതിൽ താഴത്തെ നില മാത്രം 450ച.മീറ്ററിൽ കൂടുതൽ ഉണ്ടെന്ന് ബോധ്യമായി. നിലവിൽ ഓഡിറ്റോറിയം, അതിനു പിന്നിലായുള്ള ഡൈനിംഗ് ഹാൾ, ഓഡിറ്റോറിയത്തിന് അനുബന്ധമായി ഇടതുവശത്തുള്ള ഷീറ്റിട്ട ഭാഗം, ഓഡിറ്റോറിയത്തിന് മുകളിലായി ഓഡിറ്റോറിയത്തിന്റെ നാലിലൊന്ന് വിസ്തീർണ്ണത്തിൽ ബാൽക്കണി എന്നിവയിലായി പ്രവർത്തിച്ചു വരുന്നു. താഴത്തെ നിലയ്ക്ക്

മാത്രം (450ച.മീറ്ററിൽ കൂടുതൽ വിസ്തീർണ്ണം) ച.മീറ്ററിന് 30രൂപാ നിരക്കിൽ 250ച.മീറ്റർ വിസ്തീർണ്ണത്തിനു മാത്രമേ നികുതി ചുമത്തിയിട്ടുള്ളൂ. കെട്ടിടത്തിന്റെ ഡൈനിംഗ് ഹാൾ, ബാൽക്കണി എന്നിവയ്ക്ക് വസ്തുനികുതി ചുമത്തിയിട്ടേയില്ല. ആയതിനാൽ പഞ്ചായത്തിന് ലഭിക്കേണ്ട നികുതിയിൽ കുറവുണ്ടായിട്ടുണ്ട്. വസ്തുനികുതി നിർണ്ണയ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാകാത്തതിനാൽ ഓഡിറ്റോറിയം നേരിൽ പരിശോധിച്ചതിൽ കാണാൻ കഴിഞ്ഞ മുഴുവൻ കെട്ടിടങ്ങളും കെട്ടിട നിർമ്മാണ അനുമതിയിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് ഉറപ്പുവരുത്തുവാനും വസ്തുനികുതി നിർണ്ണയത്തിലെ കൃത്യത പരിശോധിക്കുവാനും കഴിഞ്ഞിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 14/2201917) ലഭ്യമാക്കിയ മറുപടിയിൽ 2013-14-ലെ വസ്തുനികതി പരിഷ്കരണ പ്രകാരം 250 ച.മീ വലുപ്പം കാണിച്ചാണ് നികുതി ചുമത്തിയിരിക്കുന്നത് എന്നും അധികരിച്ച നിർമ്മാണത്തിനെ ക്രമവൽക്കരിച്ച് നികുതി ഈടാക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്.




ഓർഫനേജ് ഓഡിറ്റോറിയം



ഡൈനിംഗ്ഹാൾ



ബാൽക്കണി

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 12ലെ പ്രകാരം സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ സ്ഥലത്ത് പോയി വിവരങ്ങൾ ശേഖരിച്ച് ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റോറിയത്തിന്റെയും ഇതുപോലുള്ള മറ്റു കെട്ടിടങ്ങളുടെയും നികുതി, ആവശ്യമെങ്കിൽ

പുനർനിർണ്ണയിക്കേണ്ടതും യഥാർത്ഥ തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ ചട്ടപ്രകാരമുള്ള തുക കുടിശ്ശിക സഹിതം ഈടാക്കേണ്ടതുമാണ്.

# 2-2 മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കേണ്ടതാണ്

ഗ്രാമപഞ്ചായത്ത് രേഖാമൂലം സമർപ്പിച്ച കണക്കനുസരിച്ച് മൂന്ന് മൊബൈൽ ടവറുകളാണ് ഗ്രാമപഞ്ചായത്ത് പരിധിയിലുള്ളത്. ഇവയുടെ വസ്തുനികുതി 2013-14 മുതൽ കുടിശ്ശികയാണ്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം. | ടവർ നടത്തുന്ന ഏജൻസി | ഈടാക്കേണ്ട വാർഷിക കെട്ടിടനികുതി |
|---|---|---|---|
| 1 | 2/21A | ഇൻഡസ് ടവേഴ്സ് ലിമിറ്റഡ് | 15000 |
| 2 | 6/211A | വയർലെസ് ടി ടി, ഇൻഫോസർവീസ് ലിമിറ്റഡ് | 16000 |
| 3 | 14/473A | ഭാരതി എയർടെൽ ലിമിറ്റഡ് | 16000 |

മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കുന്നതിനായി ഡിമാന്റ് നോട്ടീസ് അയച്ചിട്ടുണ്ടെന്നും അനധികൃതമായി പ്രവർത്തിക്കുന്ന മൊബൈൽ ടവറുകൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചു വരുന്നില്ല എന്നും ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 3/18.09.17) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പഞ്ചായത്തിന്റെ തനതുവരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ഒരു സ്രോതസ്സായ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കുന്നതിനും വരുമാന നഷ്ടം തടയുന്നതിനുമായി അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 2-3 തൊഴിൽനികുതി പിരിവിലെ അപാകതകൾ

1994-ലെ കേരള പഞ്ചായത്ത് രാജ് വകുപ്പ് 204(1), 204 ii (a) (1) എന്നിവ പ്രകാരം ഒരു വ്യക്തി ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ അറുപത് ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകും. 204 ii (b) പ്രകാരം പഞ്ചായത്ത് പ്രദേശത്ത് താമസിച്ചു കൊണ്ട് പഞ്ചായത്ത് പ്രദേശത്തോ അതിനു വെളിയിലോ ഒരു തൊഴിലിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസനസ്സ് നടത്തുകയോ ആയതിൽ നിന്ന് എന്തെങ്കിലും ആദായം ലഭിച്ചുകൊണ്ടിരിക്കുയും ചെയ്യുന്ന ഏതൊരാളും തൊഴിൽനികുതി നൽകുവാൻ ബാധ്യസ്ഥനാണ്. എന്നാൽ,

1. ദിവസവേതന അടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്ന പഞ്ചായത്തിലെ ഡ്രൈവർ,

ഓവർസിയർ, ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്നിവരിൽ നിന്നും രണ്ട് അർദ്ധവർഷങ്ങളിലെയും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| തസ്തിക, പേര് | | ഒന്നാം അർദ്ധ വാർഷിക വരുമാനം | ഈടാ ക്കേണ്ട തൊഴിൽ നികുതി | രണ്ടാം അർദ്ധ വാർഷിക വരുമാനം | ഈടാ ക്കേണ്ട തൊഴിൽ നികുതി |
|---|---|---|---|---|---|
| യൂസഫ്, ഡ്രൈവർ | | 104000 | 1000 | 100750 | 1000 |
| ഡാറ്റാ എൻട്രി ഓപ്പറേറ്റർ | വനജ | 31850 | 300 | - | - |
| | അൻഷാദ് | 59150 | 450 | 89050 | 750 |
| ഗിരീഷ്, ഓവർസിയർ | | 87045 | 750 | 94500 | 750 |
| ആകെ | | | 2500 | | 2500 |

അർദ്ധ വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽനികുതി ജീവനക്കാരിൽ നിന്നോ സെക്രട്ടറിയിൽ നിന്നോ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2.സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല
താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2016-17 ൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| സ്ഥാപനം | അർദ്ധ വർഷം |
|---|---|
| ഫെഡറൽ ബാങ്ക് | II |
| സോമിൽ, കെ വി അബ്ദുൾറഹിമാൻ, കണ്ടാണത്ത് വേളത്ത്, വല്ലപ്പുഴ | I & II |
| അക്ബർ വുഡ് ഇൻഡസ്ട്രീസ്, വല്ലപ്പുഴ | I & II |
| 4/326/D,ഓഡിറ്റോറിയം | I & II |
| 11/394,ഓഡിറ്റോറിയം | I & II |

2016-17 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ കരാർ പ്രവൃത്തികൾ ചെയ്ത അംഗീകൃത കരാറുകാരിൽ നിന്നും രണ്ട് അർദ്ധ വർഷങ്ങളിലെയും നിയമാനുസൃത തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും കരാറുകാരിൽ നിന്നും വരുമാന പത്രിക ലഭ്യമാക്കി

ആയതിന് അനുസൃതമായി തൊഴിൽനികുതി ഈടാക്കി രേഖകൾ ലഭ്യമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 2/18.09.2017) ജീവനക്കാരിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

## 2-4 ഡി & ഒ ലൈസൻസില്ലാതെ വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം വാണിജ്യാവശ്യങ്ങൾക്കായി പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ എണ്ണം താഴെ കൊടുക്കുന്നു.

| | |
|---|---|
| വാണിജ്യ ആവശ്യത്തിനുള്ള 100 ച.മീ വരെ തറ വിസ്തീർണമുള്ള ഹോട്ടൽ/ റസ്റ്റോറന്റുകൾ/ഗോഡൗണുകൾ /ഷോപ്പുകൾ | 1357 |
| വാണിജ്യ ആവശ്യത്തിനുള്ള 100 ച.മീ മുതൽ 200;ച.മീ വരെ തറ വിസ്തീർണമുള്ള ഹോട്ടൽ/ റസ്റ്റോറന്റുകൾ/ഗോഡൌണുകൾ/ഷോപ്പുകൾ | 67 |
| വാണിജ്യ ആവശ്യത്തിനുള്ള 200 ച.മീ വരെ തറ വിസ്തീർണമുള്ള സൂപ്പർമാർക്കറ്റ്/ഷോപ്പിംഗ് മാളുകൾ | 0 |
| വാണിജ്യ ആവശ്യത്തിനുള്ള 200 ച.മീ മുകളിൽ തറ വിസ്തീർണമുള്ള സൂപ്പർമാർക്കറ്റ്/ഷോപ്പിംഗ് മാളുകൾ | 1 |
| വാണിജ്യ ആവശ്യത്തിനുള്ള ബങ്കുകൾ, പെട്ടിക്കടകൾ, കമ്പ്യൂട്ടർ സെന്റർ, ഫ്യൂവൽ സ്റ്റേഷൻ | 6 |
| വ്യവസായ ആവശ്യത്തിനുള്ള കൈത്തറിഷെഡ്/കയർ /പിരിഷെഡ് | 30 |
| ഇതര വ്യവസായ ആവശ്യത്തിനുള്ള | 79 |
| ആകെ | 1540 |

എന്നാൽ ഡി & ഒ രജിസ്റ്റർ പ്രകാരം 2016-17 വർഷത്തിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതിനായി ലൈസൻസെടുത്തിരിക്കുന്ന സ്ഥാപനങ്ങളുടെ എണ്ണം 195 മാത്രമാണ്. ഇത് സഞ്ചയ പ്രകാരം ലഭ്യമായ വ്യവസായ, വാണിജ്യ സ്ഥാപനങ്ങളുടെ എണ്ണത്തിന്റെ (1540) 13% മാത്രമാണ്. ആയതിനാൽ പഞ്ചായത്ത് പരിധിയിൽ ലൈസൻസ് എടുക്കാതെ വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിച്ചു വരുന്നുണ്ടെന്ന് വ്യക്തമാണ്. കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232(1) പ്രകാരം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തു വകകൾക്കോ അപകടമോ അസഹ്യമോ ഉണ്ടകുന്നതോ ഉണ്ടാക്കാൻ സാധ്യതയുള്ളതോ ആയ എന്തെങ്കിലും കാര്യങ്ങൾക്ക് സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെയും, ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഈ വിഷയത്തിൽ നൽകിയ (06/19.09.17) നമ്പർ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ എല്ലാ കെട്ടിടങ്ങളിലും കച്ചവട സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്നും വേക്കൻസി റെമിഷനുള്ള അപേക്ഷകൾ ലഭിച്ചുകൊണ്ടിരിക്കുന്നുണ്ടെന്നും ഡാറ്റാ എൻട്രി പിഴവുമൂലവും കെട്ടിടങ്ങളെ വാണിജ്യം

വ്യവസായം എന്ന് തെറ്റായി ഉൾപ്പെടുത്തിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ലൈസൻസില്ലാതെ പ്രവർത്തിച്ചു വരുന്ന സ്ഥാപനങ്ങൾക്കെതിരെ അടിയന്തിര നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. വിശദമായ പരിശോധന നടത്തി ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന വാണിജ്യ സ്ഥാപനങ്ങളെ കണ്ടെത്തേണ്ടതും ലൈസൻസ് ഫീസ്, സ്ഥാപനത്തിലെ ജീവനക്കാരുടെയും സ്ഥാപനത്തിന്റെയും തൊഴിൽനികുതി എന്നിവ ഈടാക്കി തനത് വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-5 വസ്തുനികുതി -സഞ്ചയ സോഫ്റ്റ് വെയറിൽ കെട്ടിടത്തിന്റെ ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു

സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള ഫോം 6 പരിശോധിച്ചതിൽ താഴെപ്പറയുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ചതിൽ കെട്ടിടത്തിന്റെ ഉപയോഗക്രമം തെറ്റായാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

| ക്രമ നം. | കെട്ടിട നം | ലൈസൻസിയുടെ പേര്, മേൽവിലാസം, ഉപയോഗം | ഡി & ഒ രജിസ്റ്റർ ക്രമനം (2016-17) | നികുതി നിർണ്ണയത്തിൽ കെട്ടിടത്തിന്റെ തരം |
|---|---|---|---|---|
| 1 | VII/254 | മുഹമ്മദ് നൗഫൽ, വട്ടപ്പറമ്പിൽ വീട്, വല്ലപ്പുഴ ഹീൽ & കെയർ ലൈഫ് സയൻസ്, മരുന്ന് വാങ്ങി വിൽപ്പന | 190 | പാർപ്പിടം |
| 2 | XIV/321 | ശ്രീമതി നിഷ കെ വി ഫാഷൻ ഡിസൈനിംഗ് സ്കൂൾ,വിജയ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി, വല്ലപ്പുഴ | 183 | പാർപ്പിടം |
| 3 | XIII/24 | ഇസഹാക്ക് തിരുവാട്ടുതൊടി, വല്ല്പ്പുഴ, ഫ്ലോർ മിൽ | 126 | പാർപ്പിടം |

സഞ്ചയ പ്രകാരം നികുതി നിർണ്ണയത്തിൽ പാർപ്പിട ആവശ്യത്തിന് എന്ന രേഖപ്പെടുത്തിയ മേൽപ്പറഞ്ഞ കെട്ടിടങ്ങൾ വാണിജ്യ ആവശ്യത്തിനാണ് ഉപയോഗിച്ചു വരുന്നത്. വസ്തുനികുതി നിർണ്ണയരേഖകൾ പരിശോധനയ്ക്ക് ലഭ്യമാകാത്തതിനാൽ നികുതി നിർണ്ണയത്തിൽ അപാകതയുണ്ടോ എന്ന് വ്യക്തമല്ല. ആയത് പരിശോധിച്ച് കെട്ടിടങ്ങളുടെ തരത്തിൽ

ആവശ്യമായ മാറ്റം വരുത്തി നികുതി നിർണ്ണയിക്കേണ്ടതും ഈയിനത്തിൽ പഞ്ചായത്തിന്റെ നഷ്ടം ഉണ്ടായിട്ടുണ്ടെങ്കിൽ ഈടാക്കേണ്ടതുമാണ്. മേൽ വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (11/22.09.17) ഡാറ്റാ എൻട്രിയിൽ വന്ന അപാകതയാണെന്നും ഇത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

## 2-6 വസ്തുനികുതി- നാളിതുവരെ ഡാറ്റാ എൻട്രി പൂർത്തിയാക്കിയിട്ടില്ല

പഞ്ചായത്തിൽ നിലവിലുള്ള 14 വാർഡുകളിലെ മുഴുവൻ കെട്ടിടങ്ങളുടെയും ഡാറ്റാ എൻട്രി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. അതുകൊണ്ടു തന്നെ സഞ്ചയയിൽ നിന്നും ലഭ്യമായ വസ്തുനികതിയുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ വാർഷിക ധനകാര്യപത്രികയിലെ വിവരങ്ങളുമായി യോജിക്കുന്നില്ല. ആയത് അടിയന്തിരമായി പൂർത്തീകരിച്ച് വസ്തുനികുതിയിനത്തിലെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുടെ കൃത്യമായ വിവരങ്ങൾ സൂക്ഷിക്കേണ്ടതും പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുക ഈടാക്കുന്നതിനാവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതുമാണ്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തേണ്ടതാണ്

വല്ലപ്പുഴ ഗ്രാമപഞ്ചായത്തിൽ വല്ലപ്പുഴ ഇലക്ട്രിക്കൽ സെക്ഷനിലാണ് തെരുവ് വിളക്കുകളുടെ കറണ്ട് ചാർജ് ഒടുക്കുന്നത്. സെക്ഷന്റെ കീഴിലുള്ള തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല.

| തരം | എണ്ണം | നിരക്ക് | ആകെ |
|---|---|---|---|
| സി.എഫ്.എൽ 2*11 | 634 | 14 | 8876 |
| സോഡിയം വേപ്പർ ലാമ്പ് | 26 | 414 | 10764 |
| സാധാരണ ബൾബ് | 90 | 61 | 5490 |
| ആകെ | | | 25130 |

മേൽ പട്ടികയിലെ തെരുവുവിളക്കുകൾക്ക് നിലവിൽ പ്രതിമാസം 25130 രൂപ വൈദ്യുതി ചാർജ്ജിനത്തിൽ ഗ്രാമപഞ്ചായത്ത് ഒടുക്കുന്നുണ്ട്. കെ.എസ്.ഇ.ബി നിശ്ചയിച്ച താരിഫിന്റെ അടിസ്ഥാനത്തിലാണ് തുക ഒടുക്കുന്നത്. പല കാരണങ്ങളാൽ പ്രവർത്തിക്കാത്ത വിളക്കുകൾക്കും വൈദ്യുത ചാർജ് ഒടുക്കുന്ന അവസ്ഥ ഉണ്ടാവാനിടയുണ്ട്. ഗ്രാമപഞ്ചായത്തും കെ എസ് ഇ ബിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ലാത്തതിനാൽ പ്രകാശിക്കാത്ത തെരുവുവിളക്കുകൾക്കും ചാർജ്ജ് നൽകേണ്ടി വരുന്നുണ്ട്. 2016-17വർഷത്തിൽ

സാധാരണ ബൾബുകൾ വാങ്ങുകയോ സ്ഥാപിക്കുകയോ ചെയ്തിട്ടില്ല. അതിനാൽ ഗ്രാമ പഞ്ചായത്തിൽ സാധാരണ ബൾബുകൾ സ്ഥാപിച്ച തെരുവ്‌വിളക്കുകൾ നിലവിലില്ല എന്ന് വ്യക്തമാണ്. എന്നാൽ സാധാരണ ബൾബിനുള്ള നിരക്കിൽ വൈദ്യുതചാർജ്ജ് ഒടുക്കി വരുന്നുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

*ഗ്രാമപഞ്ചായത്തിലെ എല്ലാ ലാമ്പുകൾക്കും മീറ്ററിംഗ് ഏർപ്പെടുത്തുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കേണ്ടതാണ്.

*പുതിയ ലാമ്പുകൾ സ്ഥാപിക്കുമ്പോൾ ഊർജ്ജ ഉപഭോഗം കുറവുള്ള ലാമ്പുകൾ സ്ഥാപിക്കുന്നതിന് മുൻഗണന നൽകേണ്ടതാണ്.

*തെരുവ് വിളക്കുകളുടെ എണ്ണം, തരം എന്നീ വിവരം കാണിക്കുന്ന രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

* കെ എസ് ഇ ബിയുമായി ചേർന്ന് സംയുക്തപരിശോധന നടത്തി തെരുവ് വിളക്കുകളുടെ കൃത്യമായ എണ്ണം കണ്ടെത്തി പ്രവർത്തിക്കാത്ത വിളക്കുകൾക്ക് ചാർജ് അടവാക്കുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

പരാമർശം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 9/21.9.17) തനത് ഫണ്ടിന്റെ അപര്യാപ്തതമൂലം മീറ്ററിംഗ് ഏർപ്പെടുത്തുന്നതിന് കഴിഞ്ഞിട്ടില്ലെന്നും സംയുക്ത പരിശോധന നടത്തി തെരുവ് വിളക്കുകളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടിയി ലഭ്യമാക്കിയിട്ടുണ്ട്.

## 3-2 വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള പൊതുടാപ്പുകൾ കുറവു ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

കേരള ജല അതോറിറ്റിയുടെ കീഴിലുള്ള 167 പൊതു കുടിവെള്ള ടാപ്പുകൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ നിലവിലുണ്ട്. ടാപ്പ് ഒന്നിന് 5250 രൂപ പ്രതിവർഷ നിരക്കിൽ 73063 രൂപ പ്രതിമാസ വെള്ളക്കരമായി ഗ്രാമപഞ്ചായത്ത് ഒടുക്കി വരുന്നുണ്ട്. പ്രതിവർഷം 876756 രൂപ ഈ ഇനത്തിൽ ചെലവഴിക്കേണ്ടി വരുന്നുണ്ട്. 2013 വർഷം മുതൽ ആണ് 167 ടാപ്പുകൾ തിട്ടപെടുത്തിയിട്ടുള്ളത്. ആയതിനുശേഷം സംയുക്തപരിശോധന നടത്തിയിട്ടില്ല.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കുടിവെള്ള വിതരണ സംവിധാനം കാര്യക്ഷമമാക്കുന്നതിനായി സ.ഉ (സാധാരണ) നം. 1275/09/ത.സ്വ.ഭ.വ തിയതി 30-5-2009 പ്രകാരം വിശദമായ മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ജല അതോറിറ്റി പരിപാലിക്കുന്ന പൊതുടാപ്പുകളിലൂടെയുള്ള ജലവിതരണത്തിന്റെ ചെലവ് വഹിക്കുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളായതിനാൽ ജല അതോറിറ്റിയിലെ ഉദ്യോഗസ്ഥന്റെ സഹായത്തോടെ ഭൗതിക പരിശോധന നടത്തി ആകെയുള്ള പൊതു ടാപ്പുകൾ, ജലം ലഭ്യമാകുന്ന ടാപ്പുകൾ, പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ എന്നിവയുടെ വിവരങ്ങൾ ശേഖരിക്കേണ്ടതാണെന്നും ഉപയോഗിക്കുന്ന ജലത്തിന് മാത്രമാണ് പണം നൽകുന്നതെന്ന്

ഉറപ്പുവരുത്തേണ്ടതാണെന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിരുന്നു.

ഗാർഹിക കണക്ഷനുകൾക്ക് പ്രോൽസാഹനം നൽകി ഒരു പ്രദേശത്തെ മുഴുവൻ വീടുകൾക്കും കുടിവെള്ളം ഉറപ്പാക്കിയതിനുശേഷം പൊതുടാപ്പുകൾ നിർത്തലാക്കുക എന്നതായിരുന്നു 12-ാം പദ്ധതിയുടെ സമീപനം. ജനറൽ വിഭാഗത്തിൽ പരമാവധി കുടുംബങ്ങൾക്ക് ജല ലഭ്യത ഉറപ്പാക്കുന്നതിനായി നിയമാനുസൃത സബ്സിഡി അനുവദിച്ച് ഗാർഹിക കുടിവെള്ള കണക്ഷനുകൾ അനുവദിക്കുന്നതിനുള്ള പ്രൊജക്റ്റുകൾ ആവിഷ്കരിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതനുസരിച്ച് പൊതുടാപ്പുകളുടെ എണ്ണം കുറച്ചുകൊണ്ടുവരുന്നതിനായി 2016-17 വർഷത്തിൽ ജനറൽ വിഭാഗത്തിൽപ്പെട്ട 12 ഗുണഭോക്താക്കൾക്ക് ഗാർഹികകണക്ഷൻ നൽകുന്നതിന് സബ്സിഡി അനുവദിച്ചിട്ടുണ്ട്. ഇക്കാര്യത്തിനായി 13-ാം പദ്ധതി മാർഗ്ഗരേഖ ജി.ഒ (എം.എസ്)നം.72/2017/ തസ്വഭവ തിയതി 29-3-2017, സബ്സിഡി മാർഗ്ഗരേഖ ജി.ഒ(എം.എസ്)നം.80/2017/തസ്വഭവ തിയതി 03.04.2017 എന്നിവയിലെ നിബന്ധനകൾ പാലിക്കേണ്ടതാണ്.

മാർഗനിർദ്ദേശമനുസരിച്ച് ഒരു പ്രദേശത്തെ എല്ലാ വീടുകളിലേയും ജലലഭ്യത ഉറപ്പാക്കിയതിനുശേഷം ആ പ്രദേശത്തെ പൊതു ടാപ്പുകൾ നിർത്തലാക്കാവുന്നതാണ്.

ഓഡിറ്റ് അന്വേഷണം നം. 9/21-9-2017 നുള്ള മറുപടിയിൽ സംയുക്തപരിശോധന നടത്തി പൊതുടാപ്പുകൾ കുറയ്ക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ഈ വിഷയത്തിന്മേലുള്ള തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-3 ബ്ലോക്ക് -കേന്ദ്രവിഹിതങ്ങൾ വിനിയോഗിച്ചിട്ടില്ല

എ) അങ്കണവാടി പോഷകാഹാര പദ്ധതി-കേന്ദ്രവിഹിതം

അങ്കണവാടി പോഷകാഹാര പദ്ധതിക്കായി ലഭ്യമായിട്ടുള്ള കേന്ദ്ര ഫണ്ടിൽ 1222705 രൂപ വിനിയോഗിക്കാതെ അവശേഷിക്കുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 452701 |
| വരവ് | 971074 |
| ആകെ | 1423775 |
| ചെലവ് | 201070 |
| നീക്കിയിരുപ്പ് | 1222705 -സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ (A/c.No.340745564447) |

സർക്കുലർ നമ്പർ 39033/ഡി.സി.2/2ത.സ്വ.ഭ.വ തിയതി 3-9-2010 പ്രകാരം പൂരകപോഷകാഹാര പരിപാടിക്കായി ലഭ്യമാക്കുന്ന കേന്ദ്ര സഹായത്തിൽ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും, അങ്കണവാടികളിൽ കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും കളിക്കോപ്പുകൾ, ഭക്ഷണം പാകം ചെയ്യുന്നതിനുള്ള പാത്രങ്ങൾ, സംഭരണികൾ മുതലായവ വാങ്ങുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. നിർദ്ദേശം പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ബി) സംയുക്ത പദ്ധതിക്കായി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും 2012-13 വർഷത്തിൽ ലഭ്യമായ 450000 രൂപയും 2015-16 വർഷത്തിൽ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് അനുവദിക്കുന്നതിനായി ലഭ്യമായ 10000 രൂപയും ഉൾപ്പെടെ ആകെ 460000 രൂപ ചെലവഴിക്കാതെ ട്രഷറി ടി എസ് ബി അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു. 450000 രൂപ ഏത് പദ്ധതിക്കായി ലഭ്യമായ തുകയാണെന്നുള്ളത് സംബന്ധിച്ച് ഗ്രാമപഞ്ചായത്തിന് വ്യക്തതയില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 4/18.9.17 ലഭ്യമാക്കിയ മറുപടിയിൽ ഇനി തുക ചെലവഴിക്കാൻ കഴിയില്ലെന്നും തിരികെ നൽകുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ചെലവഴിക്കാത്ത തുക തിരികെ സ്ഥാപനത്തിന് തിരികെ നൽകേണ്ടതാണ്.

## 3-4 പഞ്ചായത്ത് ബിൽഡിംഗ് ,ഷോപ്പിംഗ് കോംപ്ലക്സ് നിർമാണത്തിനായി ലോൺ എടുത്തത്- ഗ്രാമപഞ്ചായത്തിന് അധികബാധ്യത

ഓഫീസ് & ഷോപ്പിംഗ് കോംപ്ലക്സ് നിർമാണത്തിനായി KURDFC യിൽ നിന്നും 2015-16 വർഷത്തിൽ 11% പലിശ നിരക്കിൽ 8544385 രൂപ ലോൺ എടുത്തിട്ടുണ്ട്.

2016-17 വർഷത്തിൽ ലോൺ തിരിച്ചടവുമായി ബന്ധപ്പെട്ട് മുതൽ തിരിച്ചടവിനായി 610314രൂപയും പലിശയിനത്തിൽ 929672 രൂപയും തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. മുതലിനത്തിൽ 610314 രൂപയും പലിശയിനത്തിൽ 1230839 രൂപയും 2016-17 വർഷംവരെ അടച്ചു. മുതലിനത്തിൽ 7934071 രൂപ തിരിച്ചടക്കുവാൻ അവശേഷിക്കുന്നുണ്ട്.

കെട്ടിട നിർമാണത്തിന് 2012-13 വർഷം പദ്ധതി തയ്യാറാക്കിയിട്ടുണ്ടെങ്കിലും 2014-15 വർഷത്തിലാണ് പ്രവർത്തി ആരംഭിച്ചിട്ടുള്ളത്. ഈ നിർമാണ പ്രവർത്തനങ്ങൾക്കായി നാളിതുവരെ താഴെപ്പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്

| വർഷം | ചെലവുതുക | ഫണ്ടിനം |
|---|---|---|
| 2014-15 | 799321 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| 2015-16 | 572942 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| | 200000 | തനത് ഫണ്ട് |

| | | |
|---|---|---|
| | 8544385 | ലോൺ |
| ആകെ ചെലവ് | 10116648 | |

2016-17 വർഷത്തിൽ പ്രൊജക്റ്റ് 47/17 നമ്പർ പ്രകാരം നിർമാണ പ്രവർത്തനങ്ങൾക്കായി 9383352 അടങ്കലിൽ പദ്ധതി തയ്യാറാക്കിയിട്ടുണ്ടെങ്കിലും തുക ചെലവഴിച്ചിട്ടില്ല.

താഴത്തെ നിലയിൽ 13 കടമുറികളും മുകളിലത്തെ നിലകളിൽ ഓഫീസ് കെട്ടിടവും എന്ന രീതിയിലാണ് കെട്ടിടം നിർമിച്ചിട്ടുള്ളത്. കെട്ടിടനിർമാണം പൂർത്തിയാക്കി പ്രവർത്തനക്ഷമമായിട്ടില്ല.

22/9/2017 തീയതിയിൽ സ്ഥലപരിശോധന നടത്തിയപ്പോൾ കടമുറികളും കെട്ടിടത്തിലെ മറ്റു മുറികളും അടഞ്ഞുകിടക്കുന്നതായി ബോധ്യപ്പെട്ടു. ചിത്രം താഴെ ചേർക്കുന്നു.



13 കട മുറികളുടെയും നിർമാണം പൂർത്തിയാക്കി വാടകക്ക് നൽകുന്നതിനുള്ള നടപടികൾ അടിയന്തിരമായി കൈക്കൊള്ളേണ്ടതാണ്.
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.9/21.9.17) ലഭ്യമാക്കിയ മറുപടിയിൽ ഷോപ്പിംഗ് കോംപ്ലക്സ് വാടകക്ക് നൽകുന്നതിന് ബൈലോ തയ്യാറാക്കി അംഗീകാരം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 3-5 തെരുവ് വിളക്കുകളുടെ മെയിന്റനൻസിന് എ എം സി നൽകിയതിലെ അപാകതകൾ

നിർവഹണം- സെക്രട്ടറി
(പദ്ധതി അടങ്കൽ – 380000, തനത് ഫണ്ട്)

2015-16 വർഷത്തിൽ പ്രൊജക്റ്റ് നം. 185/16 പ്രകാരം തെരുവ് വിളക്കുകളുടെ റിപ്പയറിനായി പദ്ധതി തയ്യാറാക്കുകയും ടെണ്ടർ ക്ഷണിച്ച് ശ്രീ. പി.വി. സുലൈമാൻ എന്നയാൾക്ക് എല്ലാ തെരുവ് വിളക്കുകളുടെ റിപ്പയറിനും ഇൻസ്റ്റലേഷനും ഉൾപ്പെടെ 380000 രൂപയ്ക്ക് കരാർ നൽകിയിട്ടുണ്ട്. ആയതു പ്രകാരം ഭാഗികമായ തുക 152000 രൂപ 2015-16 വർഷത്തിൽ

അനുവദിക്കുകയും ബാക്കി തുകയായ (വൗച്ചർ നം. 21600344/7.9.16 പ്രകാരം) 228000 രൂപ തെരുവ് വിളക്കുകളുടെ റിപ്പയറിനായി പി.വി.സുലൈമാൻ എന്നയാൾക്ക് നൽകിയിട്ടുണ്ട്. ഈ ചെലവ് നടത്തിയതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

എ) 2016-17വർഷത്തിൽ തുക അനുവദിക്കുന്നതിന് പ്രൊജക്ട് തയ്യാറാക്കിയിട്ടില്ല.

ബി) തെരുവ് വിളക്കുകളുടെ എണ്ണം കണക്കാക്കി ഓരോ വിളക്കിനും റിപ്പയർ ചെയ്യാനുള്ള പ്രത്യേകനിരക്ക് എന്ന രീതിയിലല്ല ടെണ്ടർ ചെയ്തിരിക്കുന്നത്. "എല്ലാ വിളക്കുകളും റിപ്പയർ ചെയ്യുന്നതിന്" എന്നാണ് ടെണ്ടറിൽ രേഖപ്പെടുത്തിയിരിക്കുന്നത്. എത്ര വിളക്കുകൾ റിപ്പയർ ചെയ്തിട്ടുണ്ട് ഏതൊക്കെ സ്പെയർ പാർട്സുകൾ ഉപയോഗിച്ചിട്ടുണ്ട് എന്നത് സംബന്ധിച്ചും വ്യക്തതയില്ല. കെ എസ് ഇ ബി ജീവനക്കാർ, മെമ്പർമാർ എന്നിവരുടെ സാക്ഷ്യപത്രത്തിൽ "എല്ലാ വിളക്കുകളും റിപ്പയർ ചെയ്തു" എന്നു മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

സി) വിളക്കുകൾ സ്ഥാപിച്ചതിനും റിപ്പയർ ചെയ്തതിനും കരാറുകാരൻ കാഷ് ബില്ല് നൽകിയിട്ടില്ല. കാഷ് ബിൽ ഇല്ലാതെയാണ് തുക അനുവദിച്ചിട്ടുള്ളത്. തെരുവു വിളക്കുകൾ റിപ്പ്യ്ര ചെയ്തതായി പറഞ്ഞിട്ടുണ്ടെങ്കിലും വാങ്ങിയ സാധനങ്ങളുടെ യഥാർത്ഥ ബില്ലുകൾ ഹാജരാക്കിയിട്ടില്ല. യഥാർത്ഥ ബിൽ ഹാജരാക്കാത്തതിനാൽ ISI ഗുണനിലവാരമുള്ള വിളക്കുകളും സ്പെയർ പാർട്സുകളുമാണ് കരാറുകാരൻ ഉപയോഗിച്ചിട്ടുള്ളതെന്നോ ഏത് കമ്പനിയുടെ വിളക്കുകളാണ് സ്ഥാപിച്ചതെന്നോ ഗുണനിലവാരം ഉള്ളവയാണെന്നോ പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

ഡി) ആദായനികുതി ഈടാക്കി ഒടുക്കിയില്ല

കരാറുകാരന്റെ ബില്ലിൽ നിന്നും ഈടാക്കേണ്ടിയിരുന്ന 1% ആദായനികുതി ഈടാക്കിയിട്ടില്ലെന്ന് കണ്ടെത്തി. ആയതിനാൽ ഈ ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന 2280 രൂപ ഈടാക്കി കേന്ദ്രസർക്കാരിലേക്ക് ഒടുക്കേണ്ടതാണ്.

മേൽവിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 9/21.9.17 ന് ആദായനികുതി ഈടാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. റിപ്പയർ ചെയ്ത കാഷ് ബിൽ ഇല്ലാതെയും വിളക്കുകൾ സംബന്ധിച്ചും വ്യക്തതയില്ലാത്തതിനാൽ ആദായനികുതി തുക 2280/- രൂപ കഴിച്ചുള്ള തുക 225720 രൂപ (228000-2280) തടസ്സപ്പെടുത്തുന്നു.

# 3-6 വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല

താഴെ പ്പറയുന്ന പദ്ധതികൾക്കായി വിവിധ സ്ഥാപനങ്ങളിലേക്ക് നൽകിയ തുകകൾ അതാതു പദ്ധതികൾക്ക് വിനിയോഗിച്ചതിന്റെ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

എ) ഐ എ വൈ പദ്ധതി അധികവിഹിതം നൽകിയത്

2015-16 വർഷത്തിൽ ജി.ഒ പ്രൊജക്ട് പ്രകാരം ചെലവഴിക്കാത്ത പ്ലാൻ ഫണ്ടിൽ അവശേഷിക്കുന്ന തുക ബ്ലോക്ക് പഞ്ചായത്ത് മുഖേന നടപ്പിലാക്കുന്ന ഐ എ വൈ പദ്ധതിയുടെ സംസ്ഥാനവിഹിതമായി സർക്കാർ നൽകേണ്ട തുകക്ക് പകരമായി നൽകുന്നതിനുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ മാർച്ച് മാസത്തിൽ ട്രഷറിയിൽ നിന്നും

പിൻവലിച്ച് പ്ലാൻ ഫണ്ട് നിക്ഷേപിക്കുന്നതിനുള്ള ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ച താഴെപ്പറയുന്ന തുകകൾ ബ്ലോക്ക് പഞ്ചായത്തിലേക്ക് അനുവദിച്ചിട്ടുണ്ട്. തുക വിനിയോഗിച്ചതിന്റെ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

| വൗച്ചർ നം. | തുക | പദ്ധതി |
|---|---|---|
| 21600020/7.4.16 | 1000000 | 205/16 |
| 21600021/7.4.16 | 1050000 | 204/16 |

ബി) <u>പന്നിയംകുന്ന് അങ്കണവാടി നിർമാണം</u>

MGNREGS മുഖേന നിർവഹണം നടത്തുവാൻ ലക്ഷ്യമിട്ട പന്നിയംകുന്ന് അങ്കണവാടിയുടെ നിർമാണത്തിനായി പ്രൊജക്ട് നം.122/17 പ്രകാരം പദ്ധതി തയ്യാറാക്കി അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്. പ്രൊജക്ടിൽ താഴെപ്പറയും പ്രകാരമാണ് തുക വകയിരുത്തിയിട്ടുള്ളത്.

| വിഹിതം | തുക |
|---|---|
| ഗ്രാമപഞ്ചായത്ത് വിഹിതം | 200000 |
| MGNREGS | 500000 |
| സാമൂഹ്യനീതി വകുപ്പ് | 239000 |

ഗ്രാമപഞ്ചായത്ത് വിഹിതമായി വകയിരുത്തിയ തുക 200000 രൂപ ട്രഷറി ബിൽ നം.25/25.3.17 പ്രകാരം പിൻവലിച്ച് MGNREGS മിഷൻ ഡയറക്ടറുടെ 79901100000486 അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. NREGS ഫണ്ട് നാളിതുവരെ ലഭ്യമാവുകയോ പ്രവർത്തി ആരംഭിക്കുകയോ ചെയ്തിട്ടില്ല. പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പൂർത്തീകരിച്ചതിനു ശേഷം വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

സി) <u>വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തത്</u>

2016-17 വർഷത്തിൽ താഴെ പ്പറയുന്ന പ്രവൃത്തിക്കായി തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെങ്കിലും പ്രവൃത്തികളുടെ പൂർത്തീകരണം ഉറപ്പാക്കുകയോ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | പ്രൊജക്ട് നം. | പ്രൊജക്ട് | ട്രഷറി ബിൽ നം. | തുക | തുക നൽകിയ സ്ഥാപനം |
|---|---|---|---|---|---|
| 1 | 171/17 | നായിക്കൻതൊടി കോളനി ഓടപ്പറമ്പ് പുറക്കാട്റോഡ് പൈപ്പ്ലൈൻ എക്സ്റ്റൻഷൻ | 26/25.3.17 | 100000 | KWA |

മേൽ പദ്ധതികൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.9/21/9/2017) പ്രവൃത്തി അവസാനിക്കുന്ന മുറക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതാണെന്ന് മറുപടി

ലഭ്യമാക്കിയിട്ടുണ്ട്.

## 3-7 വാഹനത്തിന്റെ ഉപയോഗം- രേഖകളുടെ സൂക്ഷിപ്പ് കാര്യക്ഷമമല്ല

KL52-4398 എന്ന നമ്പറിലുള്ള ബോലേറോ എന്ന വാഹനമാണ് ഗ്രാമ പഞ്ചായത്തിലുള്ളത്. വാഹനത്തിന്റെ കസ്റ്റോഡിയൻ ഓഫീസറായ സെക്രട്ടറി വാഹനങ്ങളുടെ പരിപാലനം സംബന്ധിച്ച ജി.ഒ. (എം.എസ് )170 / 07 തീയതി 30.06.2007, സർക്കുലർ നം 41/2008 /ധനം.തീ.02.08.2008 എന്നീ സർക്കാർ ഉത്തരവിൽ പറയും പ്രകാരമുള്ള റിപ്പയർ രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ, ഇന്ധനത്തിന്റെയും എണ്ണയുടെയും ഉപയോഗം കാണിക്കുന്ന ഫ്യൂവൽ രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിക്കുന്നില്ല. 2016-17 വർഷത്തിൽ ലോഗ് ബുക്കിൽ മാസാന്ത്യ സംക്ഷിപ്തം എഴുതുകയോ സർക്കാരിന്റെ മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റിലെ ക്ഷമതയുള്ള ഉദ്യോഗസ്ഥനെക്കൊണ്ട് ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തുകയോ ചെയ്തിട്ടില്ല. ആറു മാസത്തിലൊരിക്കൽ ഓരോ വാഹനത്തിന്റെയും ഇന്ധന ഉപയോഗത്തെ സംബന്ധിച്ച സർട്ടിഫിക്കറ്റ് ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. വാഹനത്തിന്റെ ഉപയോഗം സംബന്ധിച്ച് മേൽപ്പറഞ്ഞ ഉത്തരവുകളിലെ മാർഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.9/21/9/2017) ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തുന്നതാണെന്നും രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 3-8 അസാധാരണ ചെലവുകൾക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് (അസാധാരണ ചെലവുകൾ) ചട്ടങ്ങൾ പ്രകാരം അസാധാരണ ചെലവുകൾ നടത്തുവാൻ അനുവദനീയമായ ഇനങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മുൻവർഷത്തെ മിച്ചഫണ്ടിന്റെ 20% വരെ (പരമാവധി 1 ലക്ഷം രൂപ) ആണ് അസാധാരണ ചെലവ് പരിധി. പഞ്ചായത്ത് അസാധാരണ ചെലവ് സംബന്ധിച്ച ഒരു രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്. ഇതിൽ ചെലവാക്കിയ തുക, പഞ്ചായത്ത് തീരുമാനം നമ്പർ, തിയതി, ആകെ ചെലവ് തുക എന്നിവ രേഖപ്പെടുത്തണം. ചെലവഴിച്ച തുകയുടെ രേഖകൾ കൃത്യമായി സൂക്ഷിക്കേണ്ടതാണ്. അസാധാരണ ചെലവുകളുടെ വാർഷിക കണക്ക് പ്രത്യേകമായി ഗ്രാമസഭകളിൽ അവതരിപ്പിക്കേണ്ടതാണ്.

2016-17 വർഷത്തെ തനത്ഫണ്ട് ചെലവ് രേഖകളുടെ പരിശോധനയിൽ അസാധാരണ ചെലവിനങ്ങളുടെ പരിധിയിൽ ഉൾപ്പെടുന്ന ചെലവുകൾ ദൈനംദിന ചെലവായി പരിഗണിക്കുന്നതായി കണ്ടെത്തി. വൗച്ചറിനോടൊപ്പം ചെലവ് രേഖകൾ സൂക്ഷിച്ചിട്ടുണ്ടെങ്കിലും വൗച്ചറിൽ അസാധാരണ ചെലവ് എന്ന് രേഖപ്പെടുത്തുന്നില്ല.

അസാധാരണ ചെലവിന്റെ ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ബിൽ നം./ | തുക | ചെലവിനം |
|---|---|---|

| തിയതി | | |
|---|---|---|
| 21600329/6.9.16 | 9975 | വല്ലപ്പുഴ ഹയർ സെക്കണ്ടറി സ്കൂളിൽ വച്ച് നടന്ന കണ്ണ് പരിശോധനാ ക്യാമ്പിന്റെ ഭക്ഷണച്ചെലവ് |
| 21600563/11.1.17 | 10000 | സംസ്ഥാനസ്കൂൾ കലോൽസവം-സബ് ജില്ല പഞ്ചായത്തുതല സ്ക്രീനിംഗ് ചെലവ് |

അസാധാരണ ചെലവുകൾ നിർവ്വഹിക്കുമ്പോൾ 2011 ലെ കേരള പഞ്ചായത്ത് രാജ് (അസാധാരണ ചെലവുകൾ) ചട്ടങ്ങളിലെ നിബന്ധനകൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. അസാധാരണ ചെലവുകൾ പ്രത്യേകം നിരീക്ഷിക്കേണ്ടതാണ്.

## 3-9 ട്രഷറിയിൽ നിന്ന് പിൻവലിച്ച് അക്കൗണ്ടിൽ നിക്ഷേപിച്ച വികസന ഫണ്ടിൽ ചെലവഴിക്കാത്ത തുക തിരിച്ചടക്കേണ്ടതാണ്

വല്ലപ്പുഴ ഗ്രാമപഞ്ചായത്തിൽ നോൺ ബാങ്കിംഗ് ട്രഷറിയായ ചെർപ്പുളശ്ശേരി ട്രഷറിയിൽ നിന്നാണ് ഗ്രാമപഞ്ചായത്തിലെ പദ്ധതികൾക്ക് പണം പിൻവലിക്കുന്നത്. 2015-16 വർഷത്തിനുശേഷം പ്രസ്തുത ട്രഷറി ബാങ്കിംഗ് ട്രഷറിയായി മാറിയിട്ടുണ്ട്. നോൺ ബാങ്കിംഗ് ട്രഷറിയായിരുന്ന കാലയളവിൽ ട്രഷറിയിൽ നിന്നും പിൻവലിച്ച് നിക്ഷേപിച്ചിട്ടുള്ള ബാങ്ക് അക്കൗണ്ടുകളിൽ 2016-17 സാമ്പത്തികവർഷത്തിനുശേഷവും തുക അവശേഷിക്കുന്നു. ധന വിനിയോഗ മാർഗരേഖ ജി.ഒ.പി.177/2006 ധനം 12.4.2006 പ്രകാരം പിൻവലിക്കുന്ന തുക ഉടനെ തന്നെ ചെലവഴിക്കേണ്ടതാണെന്നും 30 ദിവസത്തിൽ കൂടുതൽ പ്ലാൻ ഫണ്ട് അക്കൗണ്ടിൽ തുക സൂക്ഷിക്കരുതെന്നും വ്യക്തമാക്കിയിട്ടുള്ളതാണ്.

നിർവഹണോദ്യോഗസ്ഥരുടെ ബാങ്ക് അക്കൗണ്ടിൽ അവശേഷിക്കുന്ന തുകയുടെ വിശദാംശം താഴെ ചേർക്കുന്നു.

| നിർവഹണോദ്യോഗസ്ഥൻ | അക്കൗണ്ട് വിവരം | അവശേഷിക്കുന്ന തുക |
|---|---|---|
| സെക്രട്ടറി | SBI- Vallapuzha<br>A/c No.10610017280 | 29618 |
| കൃഷി ഓഫീസർ | SBI- Vallapuzha<br>A/c No.30034596237 | 464049 |
| വി ഇ ഒ | canara bank Vallapuzha,<br>A/c No. 601110100329 | 17689 |

അക്കൗണ്ടിൽ അവശേഷിക്കുന്ന തുക പിൻവലിച്ച് സർക്കാരിലേക്ക് ഒടുക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-10 എസ് സി കുട്ടികൾക്ക് സൈക്കിൾ വിതരണം - സാധനങ്ങൾ വാങ്ങിയ ഇൻവോയ്സും വിതരണ രേഖയും ഹാജരാക്കിയില്ല- തുക തടസ്സപ്പെടുത്തുന്നു

പ്രൊജക്റ്റ് നം-111/2017
നിർവ്വഹണ ഉദ്യോഗസ്ഥൻ – വി.ഇ.ഒ.
ഫണ്ടിനം – വികസന ഫണ്ട്
അടങ്കൽ – 555100/-

ചെലവ്-521700

ബിൽ നം-9/16-17,30-3-2017

2016-17 വർഷത്തിൽ 8,9,10 ക്ലാസ്സിൽ പഠിക്കുന്ന എസ് സി കുട്ടികൾക്ക് സൈക്കിൾ വിതരണം എന്ന പദ്ധതി നടപ്പാക്കിയതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ആകെ ലഭിച്ച ഒരു ടെണ്ടർ (അയിനിക്കൽ സൈക്കിൾസ്, കൊല്ലം എന്ന സ്ഥാപനത്തിന്റെ) അംഗീകരിക്കുകയും റീടെണ്ടർ നടത്താതിരിക്കുവാനുള്ള കാരണം വ്യക്തമല്ല. (സെക്രട്ടറി റീടെണ്ടർ ചെയ്യുവാൻ അഭിപ്രായപ്പെട്ടിട്ടുണ്ട്.)
2. അയിനിക്കൽ സൈക്കിൾസ് എന്ന സ്ഥാപനത്തിൽ നിന്നും സൈക്കിൾ വാങ്ങിയതിന്റെ ഇൻവോയ്സ് ഹാജരാക്കിയിട്ടില്ല.
3. സൈക്കിൾ ആവശ്യമായ കുട്ടികളുടെ ലിസ്റ്റ് മുൻകൂട്ടി ബന്ധപ്പെട്ട സ്കൂളുകളിൽ നിന്നും ശേഖരിച്ചിട്ടുണ്ടെങ്കിലും അതിനനുസരിച്ച് അർഹതപ്പെട്ടവരുടെ ഒരു ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.
4. പദ്ധതി തയ്യാറാക്കുമ്പോൾ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് പ്രകാരം ആവശ്യമായ സൈക്കിളുകളുടെ എണ്ണം പ്രൊജക്റ്റിൽ രേഖപ്പെടുത്തിയിട്ടില്ല.
5. സ്ഥാപനത്തിൽ നിന്നുമുള്ള ഇൻവോയ്സ് ഹാജരാക്കാത്തതിനാൽ എത്ര സൈക്കിൾ വാങ്ങിയിട്ടുണ്ടെന്ന് പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.
6. വി ഇ ഒ പറഞ്ഞ പ്രകാരം 74 പെൺ കുട്ടികളുടെ സൈക്കിളും 65 ആൺകുട്ടികളുടെ സൈക്കിളും വിതരണം നടത്തിയിട്ടുണ്ടെന്നാണ്. എന്നാൽ കുട്ടികൾ സൈക്കിൾ കൈപ്പറ്റിയ രേഖയോ മറ്റു രേഖകളായ അപേക്ഷ, റേഷൻ കാർഡിന്റെ കോപ്പി, എസ് സി ഡിപ്പാർട്ടുമെന്റിൽ നിന്നുമുള്ള സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയില്ല. സാധനങ്ങൾ വാങ്ങിയ ഇൻവോയ്സും വിതരണ രേഖയും ഹാജരാക്കുന്നതു വരെ തുക521700/- രൂപ തടസ്സത്തിൽ വെക്കുന്നു. ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി (12/24-9-2017) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-11 പദ്ധതി തുക പിൻവലിച്ച് ചെലവഴിക്കാതെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു

പ്രൊജക്റ്റ് നം. 169/17 – വീട്ടിൽ ഒരു പച്ചക്കറി തോട്ടം

അടങ്കൽ - ₹. 305000/- (വികസന ഫണ്ട് (ജനറൽ)

ചെലവ് - ₹. 305000/- ബിൽ നം. 27.3.17

നിർവഹണ ഉദ്യോഗസ്ഥൻ - കൃഷി ഓഫീസർ

2 രൂപ വിലയുള്ള 115000 പച്ചക്കറി തൈകൾ വിതരണം ചെയ്യുന്നതിന് ₹. 230000/-, 100 രൂപ വിലയുള്ള 750 പച്ചക്കറി വിത്ത് പാക്കറ്റുകൾ ₹. 75000/- എന്നിവ വിതരണം ചെയ്യുന്നതിന് 750 ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കുന്നതിന് ₹. 305000/- വികസന ഫണ്ട് (ജനറൽ) -ൽ നിന്നും വകയിരുത്തി VFPCK, ആലത്തൂർ എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങി വിതരണം ചെയ്യുന്നതിനാണ് പദ്ധതി. പദ്ധതി നടത്തിപ്പിനു വേണ്ടി ₹. 305000/- പിൻവലിച്ച് SBI, വല്ലപ്പുഴ (A/c. no. 30034596237) -ൽ സൂക്ഷിച്ചിരിക്കുന്നു. എന്നാൽ പദ്ധതി നടപ്പിലാക്കിയിട്ടില്ല. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം. 5/18.9.17ന് വിത്ത് ഉൽപാദന കേന്ദ്രമായ VFPCKയിലേക്ക് 12.6.17ന് ഇൻഡന്റ് അയച്ചിരുന്നുവെന്നും ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് കൃഷി ഭവൻ മുഖേന വിത്ത് വിതരണം ചെയ്യേണ്ടി വന്നതിനാൽ സമയബന്ധിതമായി വിത്ത് ഇറക്കുവാൻ സാധിച്ചില്ല എന്നും ഒക്ടോബർ ആദ്യവാരം വിത്തുകൾ ലഭ്യമാക്കാമെന്ന് VFPCKയിൽ നിന്നും അറിയിച്ചിട്ടുണ്ട് എന്നും നിർവഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതി നടപ്പിലാവുന്നതിനു മുമ്പ് തന്നെ പദ്ധതി പണം പിൻവലിച്ച് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നത് ശരിയായ നടപടിക്രമമല്ല. ധനവിനിയോഗ മാർഗ്ഗരേഖ ജി.ഒ. (പി) 177/2006/ധനം 12.4.2006 പ്രകാരം പിൻവലിക്കുന്ന തുക ഉടനെ തന്നെ ചെലവഴിക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുള്ളതും 30 ദിവസത്തിൽ കൂടുതൽ പ്ലാമ ഫണ്ട് അക്കൗണ്ടിൽ തുക സൂക്ഷിക്കരുതെന്നും തുക പഞ്ചായത്ത് മുഖാന്തിരം സഞ്ചിത നിധിയിലേക്ക് തിരിച്ചടക്കേണ്ടതാണ്.

## 3-12 ഹോമിയോ ഡിസ്പെൻസറിയിലേക്കുള്ള മരുന്നുകൾ വാങ്ങൽ- മുഴുവൻ തുകയ്ക്കും മരുന്നുകൾ ലഭ്യമായിട്ടില്ല

പ്രൊജക്റ്റ് നം. - 26/2017 – ഹോമിയോ ഡിസ്പെൻസറിയിലേക്കുള്ള മരുന്നുകൾ വാങ്ങൽ

അടങ്കൽ - 300000 (മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം)

നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ (ഹോമിയോ)

ചെലവ് - 300000 രൂപ (ബിൽ നമ്പർ - 1/16-17/16-12-2016)

ഹോമിയോ ഡിസ്പെൻസറിക്ക് 2016-17 സാമ്പത്തിക വർഷത്തിൽ മരുന്നുകൾ ലഭ്യമാക്കുന്നതിനായി മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന ഹോമിയോപതി കോ-ഓപറേറ്റീവ് ഫാർമസി, ആലപ്പുഴ എന്ന സ്ഥാപനത്തിലേക്ക് 300000/- രൂപ DD NO 334856/16-12-2016 നല്കിയിട്ടുണ്ട്. ഇൻവോയ്സ് നം. എൽ.എഫ്.1463/31-3--2017 പ്രകാരം

114910 രൂപയ്ക്കുള്ള മരുന്നുകൾ മാത്രമെ ലഭ്യമായിട്ടുള്ളൂ. ബാക്കി 185090/- തുകക്കുള്ള മരുന്നുകൾ ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (1/16.9.17)ന് ജൂൺ 23, ജൂലൈ 14, ആഗസ്റ്റ് 11,21 എന്നീ തീയതികളിൽ ബന്ധപ്പെട്ട സ്ഥാപനത്തിലേക്ക് അടിയന്തിരമായി മരുന്നുകൾ ലഭ്യമാക്കുവാൻ ഇ-മെയിൽ അയച്ചിട്ടുണ്ടെന്നും മറുപടി ലഭിച്ചിട്ടുണ്ട്. ഈ വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.

## 3-13 വീട് പുനരുദ്ധാരണം-ആസൂത്രണം സംബന്ധിച്ച്

പ്രൊജക്റ്റ് നം-107 /17 അടങ്കൽ- 500000-/- ചെലവ്- 500000/- ഫണ്ടിനം – വികസന ഫണ്ട്

12-ാം പദ്ധതിയുടെ പരിഷ്കരിച്ച മാർഗ്ഗരേഖ ജി.ഒ (എം.എസ്) 4/2016/ത.സ്വ.ഭ.വ തീയതി- 11-01-2016 പ്രകാരം വീട്ടു റിപ്പയർ പൊതു വിഭാഗത്തിനും എസ്.സി. വിഭാഗത്തിനും 25000/- രൂപയും എസ് ടി വിഭാഗങ്ങൾക്ക് 30000/- രൂപയും അനുവദിക്കാവുന്നതാണ്. എന്നാൽ ഭരണാനുമതി നൽകിയ ടി പദ്ധതിയിൽ 50 പേർക്ക് 10000/- രൂപ വീതം ധനസഹായം നൽകുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. ആയത് പ്രകാരം പദ്ധതി നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. വീട് റിപ്പയറിന് ആനുകൂല്യം കുറവായി നൽകിയതു കൊണ്ട് റിപ്പയർ ഭാഗികമായി നടത്തുവാനെ സാധിച്ചിട്ടുള്ളൂ എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. പദ്ധതി ആസൂത്രണ വേളയിൽ തന്നെ പുനരുദ്ധാരണത്തിന് മാർഗ്ഗരേഖയിൽ നിഷ്കർഷിച്ച പ്രകാരം തുക വകയിരുത്തേണ്ടതാണ്.

## 3-14 ഭവന നിർമ്മാണം-വീട്ടുപണി പൂർത്തീകരിച്ചിട്ടില്ല

പ്രൊജക്റ്റ് നം-s-146/17, അടങ്കൽ-2864000, ചെലവ്-2520000, നിർവ്വഹണ ഉദ്യോഗസ്ഥൻ – വി.ഇ.ഒ, യൂണിറ്റ് കോസ്റ്റ് – 179000/-

താഴെപ്പറയുന്ന ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

| ക്രമ നം | പേര്/വാർഡ് | കൈപ്പറ്റിയ തുക | കൈപ്പറ്റുവാൻ ബാക്കിയുള്ള തുക |
|---|---|---|---|
| 1. | റംല<br>വാർഡ്- 3 | 140000/- | 39000/- |
| 2. | മീനാക്ഷി<br>വാർഡ്- 9 | 80000 | 99000 |
| 3. | ഉഷ<br>വാർഡ്- 6 | 160000 | 19000 |
| 4. | കദീജ<br>വാർഡ്- 14 | 160000 | 19000 |

| | | | |
|---|---|---|---|
| 5. | ഹസീന<br>വാർഡ്-10 | 189000 | 10000 |
| 6. | ലൈല<br>വാർഡ്-7 | 169000 | 10000 |
| 7. | നബീസ<br>വാർഡ്-5 | 169000 | 10000 |
| 8. | ഇന്ദിര<br>വാർഡ്-12 | 80000 | 99000 |
| 9. | ആയിഷ<br>വാർഡ്-12 | 169000 | 10000 |
| 10 | ഗിരിജ<br>വാർഡ്- 2 | 169000 | 10000 |

വീട് പണി പൂർത്തിയാക്കുവാനുള്ള തുടർ നടപടികൾ സംബന്ധിച്ച വിവരം അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 8/19.9.2017)

## 3-15 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് അർഹമായ മുഴുവൻ സ്കോളർഷിപ്പ് തുകയും വകയിരുത്തിയിട്ടില്ല

പ്രൊജക്റ്റ് – ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ്
പ്രൊജക്റ്റ് നം- 75/17

നിർവ്വഹണം-ഹെഡ്മാസ്റ്റർ

ചെലവ് – ബിൽ നം. 2 /2016-17, തിയതി 15-3-2017-114000രൂപ

12-ാം പദ്ധതി പുതുക്കിയ മാർഗ്ഗരേഖ ജി.ഒ (എം.എസ്) നം. 4/2016/ത.സ്വ.ഭ.വ തിയതി 11/11/2016 ഖണ്ഡിക5.8 അനുസരിച്ച് ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പിന് ആവശ്യമായ തുക ഗ്രാമപഞ്ചായത്തുകൾ വകയിരുത്തി പ്രോജക്റ്റുകൾ ആവിഷ്കരിച്ച് നടപ്പിലാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇതു പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്ന ഒരു വിദ്യാർത്ഥിക്കുവേണ്ടി ഗ്രാമപഞ്ചായത്ത് വകയിരുത്താവുന്ന വാർഷിക ആനുകൂല്യം 19000 രൂപയാണ് . എന്നാൽ കേവലം 2 മാസത്തെ ആനുകൂല്യമാണ് എല്ലാതരം വൈകല്യമുള്ള വിദ്യാർത്ഥികൾക്കും സ്കോളർഷിപ്പ് തുകയായി കൊടുത്തിരിക്കുന്നത്. 57 കുട്ടികൾക്ക് ആകെ 114000 മാത്രമെ വിതരണം നൽകിയിട്ടുള്ളൂ. അവർക്ക് അർഹതപ്പെട്ട മറ്റു ബത്തകൾ അനുവദിച്ചിട്ടില്ല. ജി.ഒ (എം എസ് ) 4/2016/തസ്വഭവ തിയതി 11/1/2016 മാർഗ്ഗരേഖയനുസരിച്ച് പ്രതിമാസ സ്കോളർഷിപ്പ് ഒരു വർഷത്തിൽ 12 മാസവും

നൽകാവുന്നതാണ്.

| മാനസിക വെല്ലുവിളികൾ നേരിടുന്ന ഒരു വിദ്യാർത്ഥിക്കുവേണ്ടി ഗ്രാമപഞ്ചായത്ത് വകയിരുത്തേണ്ട വാർഷിക ആനുകൂല്യം | ശാരീരിക വൈകല്യമുള്ള ഗ്രാമപഞ്ചായത്ത് വകയിരുത്തേണ്ട വാർഷിക ആനുകൂല്യം | അർഹതപ്പെട്ട തുക | വകയിരുത്തി അനുവദിച്ച തുക |
|---|---|---|---|
| സ്കോളർഷിപ്പ് - 12000 | 1മുതൽ 4വരെയുള്ള വിദ്യാർത്ഥികൾക്ക് | 5300 | 2000 |
| വസ്ത്രങ്ങൾക്കുള്ള ബത്ത- 800 | 5 മുതൽ 8 വരെയുള്ള വിദ്യാർത്ഥികൾക്ക് | 6600 | 2000 |
| പഠനസഹായി- 1400 | 9 മുതൽ +2 വരെയുള്ള വിദ്യാർത്ഥികൾക്ക് | 8000 | 2000 |
| യാത്രാബത്ത- 4800 | ബിരുദം | 10600 | 2000 |

ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് അർഹമായ മുഴുവൻ സ്കോളർഷിപ്പ് തുകയും വകയിരുത്തി പദ്ധതി ആവിഷ്കരിക്കുവാൻ വരും വർഷങ്ങളിൽ ശ്രദ്ധിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 13/22.09.2017 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

# 3-16 ഒഴിവാക്കി

# 3-17 വിനിയോഗ രേഖകൾ ഹാജരാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ

പാണക്കോട് പന്നിയംകുന്ന് കുടിവെള്ള പദ്ധതി ത്രീഫേസ് കണക്ഷൻ (പ്രൊജക്ട് നം. 176/17) എന്ന പദ്ധതി നടത്തിപ്പിനു വേണ്ടി ട്രഷറി ബിൽ നം. 21/31.3.17 പ്രകാരം 151150/- രൂപ പിൻവലിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ്, തുക KSEB യിൽ ഡെപ്പോസിറ്റ് ചെയ്തതിന്റെ രേഖകൾ, KSEB യുടെ കൈപ്പറ്റ് രസീത്, KSEBയുമായി ചമച്ച എഗ്രിമെന്റ്, തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കുന്നതുവരെ 151150/- രൂപയുടെ ചെലവു തുക തടസ്സപ്പെടുത്തുന്നു.

# 3-18 ബഡ്സ് സ്കൂളിന് കെട്ടിടം, വാഹനം എന്നിവ ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ വികസനം ലക്ഷ്യമിട്ട് 29/3/2009 ജി ഒ(എം എസ്)148/2009 തസ്വഭവ നിബന്ധനകൾ വിധേയമായി പഞ്ചായത്തിൽ ബഡ്സ് റിഹാബിലിറ്റേഷൻ സെൻറ്റർ 2016-17ൽ ആരംഭിച്ചിട്ടുണ്ട്. 27/5/2017 ന് ടി സ്ഥാപനത്തിന് അംഗീകാരം ലഭിക്കുന്നതിന് സാമൂഹിക നീതി വകുപ്പിൽ സമർപ്പിച്ചിട്ടുണ്ട്. പഞ്ചായത്തിൽ സർവേ നടത്തിയതിൽ ഏകദ്ദേശം 750 കുട്ടികൾ മാനസിക-ശാരീരിക വൈകല്യങ്ങളുള്ളവരുണ്ടെങ്കിലും 36 കുട്ടികളാണ് നിലവിൽ മേൽ സ്ഥാപനത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്. രണ്ട് അദ്ധ്യാപകരും 3 ആയ കം കുക്കും ടി സ്ഥാപനത്തിൽ പ്രവർത്തിക്കുന്നുണ്ട്. സ്വന്തമായ കെട്ടിടമില്ലാത്തതിനാൽ വാടക കെട്ടിടത്തിലാണ് സ്ഥാപനം നിലവിൽ പ്രവർത്തിക്കുന്നത്. ശാരീരിക വൈകല്യമുള്ളവരിൽ ഏറിയവരും ഇടുപ്പിന് താഴെ ക്ഷതം പറ്റിയവരാണ്. വാഹന സൗകര്യമില്ലാത്തതിനാൽ ഇവർ സ്കൂളിൽ എത്തിപ്പെടുവാൻ വളരെ ബുദ്ധിമുട്ടനുഭവിക്കുന്നുണ്ട്. ആയതിനാൽ ബഡ്സ് സ്കൂളിന് ആവശ്യമായ കെട്ടിടം, വാഹനം എന്നിവ ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-19 ഗുണഭോക്തൃസമിതി നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികൾ- അപാകതകൾ

ഗുണഭോക്തൃസമിതി നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളിൽ പാലിക്കേണ്ട നടപടിക്രമങ്ങൾ സംസ്ഥാന ആസൂത്രണ ബോർഡ് 1999 ഡിസംബറിൽ പ്രസിദ്ധീകരിച്ച ഗുണഭോക്തൃസമിതി മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. സർക്കുലർ നം. 1/1559/2010/സി.ഇ./ തസ്വഭവ തിയതി, 13.11.2014ലും ഗുണഭോക്തൃ സമിതി മുഖേന പ്രവൃത്തികൾ നടപ്പിലാക്കുമ്പോൾ പാലിക്കേണ്ട നിർദ്ദേശങ്ങൾ നൽകിയിരുന്നു. അതിൻപ്രകാരം

- കൺവീനറുടെയും ചെയർമാന്റെയും പേരിൽ സ്ഥലത്തെ ഒരു അംഗീകൃത ബാങ്കിൽ ജോയിന്റ് അക്കൗണ്ട് ആരംഭിച്ച് പ്രസ്തുത അക്കൗണ്ടിൽ കൂടി മാത്രമേ പണമിടപാടുകൾ നടത്താൻ പാടുള്ളൂ.
- ഗുണഭോക്തൃ സമിതി ഏറ്റെടുത്ത് നടത്തുന്ന പ്രവൃത്തികൾക്ക് വാങ്ങുന്ന സാധനങ്ങൾ, നിയോഗിക്കുന്ന തൊഴിലാളികളുടെ വേതനം, യന്ത്ര സാമഗ്രികളുടെ വാടക തുടങ്ങിയവ സംബന്ധിച്ച കണക്കുകൾ, മസ്റ്റർ റോൾ, മിനിട്ട് ബുക്ക് എന്നിവ കൺവീനർ തയ്യാറാക്കി നിർവഹണ ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.
- ഗുണഭോക്തൃ സമിതിക്ക് പണം നൽകുന്നത് അവർക്കുള്ള യഥാർത്ഥ ചെലവോ കരാർ പ്രകാരമുള്ള ബിൽ തുകയോ ഇതിൽ ഏതാണോ കുറവ് അതായിരിക്കും.

എന്നാൽ മേൽ പറഞ്ഞ യാതൊരു രേഖകളും ഹാജരാക്കാതെയാണ് താഴെ പറയുന്ന പ്രവൃത്തികൾക്ക് തുക അനുവദിച്ചിരിക്കുന്നത്. സാധനങ്ങൾ വാങ്ങിയതിന്റെ ബില്ലുകൾ, മസ്റ്റർ റോളുകൾ, ബാങ്ക് വഴി പണമിടപാട് നടത്തിയതിന്റെ രേഖകൾ, മിനുട്സ് ബുക്കുകൾ, വരവു

ചെലവു കണക്കുകൾ എന്നിവ ഹാജരാക്കാതെയാണ് ഫൈനൽ ബിൽ നൽകിയിരിക്കുന്നത്.
വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രോജക്ടിന്റെ നമ്പർ, പേര്, അടങ്കൽ തുക | കൺവീനറുടെ പേര്, കരാർ നം | അളവു പുസ്തകം | ട്രഷറി ബിൽ നം., തിയതി | തുക ₹ | കുറിപ്പുകൾ |
|---|---|---|---|---|---|---|
| 1 | 126/17 ചൂരക്കോട് പള്ളിപ്പടി അംഗൻവാടി പുനരുദ്ധാരണം ₹.145000 | സി.ഉഷ 77/3.3.16 | 156/15-16 | 2/31.1.17 | 137976 | |
| 2 | 55/17 കരുവാൻ തൊടി റോഡ് നിർമ്മാണവും സൈഡ് കെട്ടലും ₹. 189924 | സിദ്ധിഖ് 32/7.2.17 | 8/17 | 17/31.3.17 | 189924 | |
| 3 | 133/17 പള്ളിപ്പടി അംഗൻവാടി നവീകരണം ₹. 100000 | ഉഷ 36/14.2.17 | 15/17 | 18/31.3.17 | 40000 | സംയുക്ത അക്കൌണ്ട് തുടങ്ങിയിട്ടുള്ളത് പ്രവൃത്തി പൂർത്തീകരിച്ചു കഴിഞ്ഞിട്ടാണ്. (29.5.17ന്) |
| 4 | 127/17 പുളിക്കത്തൊടി അംഗൻവാടി നവീകരണം ₹. 100000 | സത്യഭാമ.കെ. 46/28.2.17 | 19/17 | 19/31.3.17 | 40000 | മിനുട്സ് ബുക്കിൽ വരവു ചെലവു വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. |
| ആകെ | | | | | 407900 | |

രേഖകൾ ഹാജരാക്കുന്നതുവരെ ₹.407900/- യുടെ ചെലവു തുക തടസ്സത്തിൽ വെക്കുന്നു.

ഗുണഭോക്തൃ സമിതി വഴി 15 എണ്ണം പദ്ധതികളാണ് 2016-17 വർഷത്തിൽ നടപ്പിലാക്കിയിട്ടുള്ളത്. പ്രധാനപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

1. കൺവീനർ പ്രവൃത്തികൾക്ക് ഉപയോഗിക്കുന്ന സിമന്റ്,കമ്പി.ബിറ്റുമിൻ എന്നിവ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നോ, ഡീലർമാരിൽ നിന്നോ മാത്രമേ വാങ്ങാൻ പാടുള്ളൂ എന്ന നിബന്ധന പാലിച്ചിട്ടില്ല. തുക അനുവദിക്കുമ്പോൾ സിമന്റ് വാങ്ങിയതിന്റെ TIN നമ്പർ രേഖപ്പെടുത്തിയ ഒറിജിനൽ ബിൽ ഹാജരാക്കിയിട്ടില്ല.
2. അക്കൗണ്ട് വഴി പണമിടപാട് നടത്തിയതിന്റെ രേഖകൾ ഇല്ല.
3. ഹാജരാക്കിയ ബില്ലുകൾ, മസ്റ്റർ റോൾ, മിനുട്സ് ബുക്ക് എന്നിവയൊന്നും നിർവഹണ

ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ഗുണഭോക്തൃസമിതി മുഖേന പ്രവൃത്തികൾ നടപ്പാക്കുന്നത് സംബന്ധിച്ച സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്. ഇതു സംബന്ധിച്ച് (ഓഡിറ്റ് എൻക്വയറി നം.10/22.9.17) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ഭാവിയിൽ ഗുണഭോക്തൃസമിതി മുഖേന പ്രവൃത്തികൾ നടപ്പിലാക്കുമ്പോൾ സർക്കാർ നിർദ്ദേശം പാലിച്ചുകൊണ്ട് നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-20 ഇ-ടെണ്ടർ പ്രവൃത്തികളുടെ ടെണ്ടർ ഫോറങ്ങളുടെ വില പഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമാക്കേണ്ടതാണ്

2016-17 വർഷത്തിൽ 5 ലക്ഷത്തിനു മുകളിൽ അടങ്കലുള്ള രണ്ട് പ്രവൃത്തികൾക്ക് ഇ-ടെണ്ടർ മുഖേന ടെണ്ടർ വിളിച്ചിട്ടുണ്ട്. ടെണ്ടർ ഫോറങ്ങളുടെ വിലയും വാറ്റും പാലക്കാട് ജില്ലാപഞ്ചായത്തിലെ എൽ.എസ്.ജി.ഡി വിഭാഗത്തിലെ എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ പേരിലുള്ള അക്കൗണ്ടിലാണ് നിക്ഷേപിച്ചിട്ടുള്ളത്. ടെണ്ടർ ഫോറങ്ങളുടെ വില നാളിതുവരെ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റി നിക്ഷേപിച്ചിട്ടില്ല. വാറ്റ് തുക വില്പനനികുതി ഓഫീസിലേക്കും അടച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | അടങ്കൽ | ടെണ്ടർ ഫോറങ്ങളുടെ എണ്ണം | ടെണ്ടർ ഫോറത്തിന്റെ വില | വാറ്റ് | ടെണ്ടർ തിയതി |
|---|---|---|---|---|---|---|
| 1 | 48/17 – PHC മെയിന്റനൻസ് | 503500 | 2 | 2000 | 120 | 31.3.2017 |
| 2 | പഞ്ചായത്ത് ഓഫീസ് കം ഷോപ്പിംഗ് കോംപ്ലക്സ് ഇലക്ട്രിക്കൽ, വയറിംഗ് & പ്ലംബിംഗ് പ്രൊ.നം.39/17 | 1150000 | 1 | 2500 | 125 | 26.8.16 |
| | | | | 4500 | 245 | |

ഗ്രാമപഞ്ചായത്തിന് അർഹതപ്പെട്ട 4500 രൂപ ജില്ലാ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കി തനത് ഫണ്ടിൽ ഒടുക്കേണ്ടതാണ്. വാറ്റ് തുക വില്പനനികുതി ഓഫീസിൽ ഒടുക്കുന്നതിനുമുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

## 3-21 ആവശ്യമായ അളവിലും കുറവായി സിമന്റ് വാങ്ങി പ്രവൃത്തി നടപ്പിലാക്കി

പദ്ധതിയുടെ പേര് : പാറപ്പുറം റോഡ് കോൺക്രീറ്റ്

പ്രൊ.നം. : 102/17

അടങ്കൽ : 300000 (SCP)

ചെലവ് : 295704

എഗ്രിമെന്റ് നം : 5/AE/LSGD/VPZA/7.2.17

ബിൽ നം : 10/31.3.17

എം.ബുക്ക് നം :9/2017

കൺവീനർ : ശ്രീ. ബാലസുബ്രഹ്മണ്യൻ.പി.കെ.

മേൽ എം. ബുക്കിലെ ഇനം 2 പ്രകാരം 40mm മെറ്റൽ ഉപയോഗിച്ച് 1:2:4 അനുപാതത്തിൽ 42.570 $m^3$ അളവിൽ കോൺക്രീറ്റിങ് പ്രവൃത്തി ചെയ്തതായി രേഖപ്പെടുത്തി 6938.86/$m^3$ രൂപ നിരക്കിൽ 295387.27 രൂപ അനുവദിച്ചിട്ടുണ്ട്. 42.570$m^3$ അളവിൽ കോൺക്രീറ്റിങ് പ്രവൃത്തി ചെയ്യാൻ ആവശ്യമായ സിമന്റ് 13622 കി (42.570x320) ആണെന്നിരിക്കെ ലഭ്യമാക്കിയ ബില്ല് പ്രകാരം (സ്ഥാപനത്തിന്റെ പേര്, TIN No. തുടങ്ങിയ വിവരങ്ങൾ ഇല്ല) 12000കി.ഗ്രാം സിമന്റാണ് വാങ്ങിയിട്ടുള്ളത്. ഇത്രയും സിമന്റ് കൊണ്ട് ചെയ്യാവുന്ന പ്രവൃത്തിയുടെ അളവ് 37.5m3 മാത്രമാണ് (12000/320=37.5). ആയതിനാൽ ചെയ്യാത്ത 5.07$m^3$ (42.570 – 37.5=5.07) അളവ് പ്രവൃത്തിക്കുവേണ്ടി 35180 രൂപ നൽകിയത് ക്രമപ്രകാരമല്ല. വരവ് ചെലവ് കണക്കുകൾ മിനുട്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതുമാണ്. അതുവരെ ₹. 35180/- യുടെ ചെലവ് തുക തടസ്സത്തിൽ വെയ്ക്കുന്നു.

## 3-22 മരാമത്ത് പ്രവൃത്തികളുടെ കരാറുകാർ കരാറുടമ്പടി വെക്കുവാൻ കാലതാമസം വരുത്തിയിട്ടും നിയമാനുസൃത പിഴ ഈടാക്കിയില്ല

സ.ഉ (പി) നം.13/2012/PWD തിയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ 2009.6 നം. വകുപ്പ് പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതും 14 ദിവസം കഴിഞ്ഞ് 10 ദിവസം വരെ കരാർ തുകയുടെ 1% പിഴ സഹിതം കരാറുടമ്പടി വെയ്ക്കാവുന്നതാണ് . പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. 24 ദിവസത്തിനുള്ളിലും കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽകൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

2016-17 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തിയുടെ കരാറുകാരൻ എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയിട്ടും മാന്വലിലെ നിബന്ധന പ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ലെന്ന് കണ്ടെത്തി.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | ടെണ്ടർ അംഗീ കരിച്ച തിയതി | പിഴ കൂടാതെ എഗ്രിമെന്റ് വെക്കേണ്ട അവസാന തിയതി | എഗ്രിമെന്റ് വെച്ച തിയതി, നം. | ഈടാക്കേണ്ടിയിരുന്ന പിഴ (1%) |
|---|---|---|---|---|---|
| 1 | 39/17– പഞ്ചായത്ത് ഓഫീസ് കം ഷോപ്പിംഗ് കോംപ്ലക്സ് ഇലക്ട്രിക്കൽ, വയറിംഗ് & പ്ലംബിംഗ്<br>അടങ്കൽ - 1150000/- (തനത് ഫണ്ട്)<br>പി.എ.സി.–1131247/-<br>കരാറുകാരൻ– ശ്രീ.രാമൻ.വി.<br>എം.ബുക്ക് നം.- 87/15<br>ചെക്ക് നം. 204793/30.3.17 | 31.8.16 | 21.9.16 | 7.11.16<br>നം. 1/AE/ LSGD/VPZA/ 2016-17 | 11500 |

ഈടാക്കുവാൻ വിട്ടുപോയ പിഴ ₹.11500/- കരാറുകാരനിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിലേക്ക് ഒടുക്കേണ്ടതാണ്.

## **3-23** സിംഗിൾ ടെണ്ടർ അംഗീകരിച്ച നടപടി - നടപടിക്രമങ്ങൾ പാലിച്ചില്ല

മരാമത്ത് പ്രവൃത്തികളുടെ ടെണ്ടറിൽ സിംഗിൾ ടെണ്ടർ ലഭ്യമായാൽ ടെണ്ടർ സ്വീകരിക്കുന്നതിനുള്ള കാലാവധി പരമാവധി 15 ദിവസത്തേക്ക് ദീർഘിപ്പിച്ച നൽകേണ്ടതാണെന്നും ദീർഘിപ്പിച്ച നൽകിയ കാലയളവിനുള്ളിൽ കൂടുതൽ ടെണ്ടറുകൾ ലഭ്യമായില്ലെങ്കിൽ റീ ടെണ്ടർ നടത്തേണ്ടതാണെന്നും സ.ഉ (പി) നം. 324/15/ഫിൻ തിയതി 3-7-2015 ൽ നിഷ്കർഷിച്ചിട്ടുണ്ട്. ആദ്യം ലഭ്യമായ സിംഗിൾ ടെണ്ടർ തുറക്കുവാൻ പാടില്ലെന്നും എസ്റ്റിമേറ്റിലും കുറഞ്ഞ നിരക്കാണെങ്കിലും പരിഗണിക്കേണ്ടതില്ലെന്ന് ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. 2016-17 വർഷത്തിൽ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തികൾക്ക് ടെണ്ടർ ക്ഷണിച്ചപ്പോൾ ലഭ്യമായ സിംഗിൾ ടെണ്ടറുകൾ ആദ്യ ഘട്ടത്തിൽ തന്നെ പരിഗണിക്കുകയും ടെണ്ടർ ഉറപ്പിച്ച നൽകുകയും ചെയ്തു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | അടങ്കൽ, ടെണ്ടർ നിരക്ക് | ചെലവ് | ബിൽ നം. / തിയതി |
|---|---|---|---|---|
| 1 | അത്താണിപ്പറമ്പ് വെളക്കത്തറ റോഡ് ടാറിംഗ്<br>പ്രൊ.നം.S0042/16<br>ടെണ്ടർ തിയതി - 29.12.16<br>കരാറുകാരൻ - ശ്രീ.യൂസഫ് സിദ്ധിഖ്<br>നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ | 440000<br>below 0.01% | 439956 | 15/31.3.17 |
| 2 | പഞ്ചാരത്ത്പടി എസ്.സി. കോളനി റോഡ് ടാറിംഗ്<br>പ്രൊ.നം. - 32/16-17<br>ടെണ്ടർ തിയതി - 29.12.16<br>കരാറുകാരൻ - ശ്രീ.സൈനുദ്ദീൻ.കെ.പി<br>നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ | 400000<br>എസ്റ്റിമേറ്റ് നിരക്ക് | 148097 | 16/31.3.17 |
| 3 | പഞ്ചായത്ത് ഓഫീസ് കം ഷോപ്പിംഗ് കോംപ്ലക്സ് ഇലക്ട്രിക്കൽ, വയറിംഗ് & പ്ലംബിംഗ്<br>പ്രൊ.നം.39/17<br>ടെണ്ടർ തിയതി - 26.8.16<br>കരാറുകാരൻ - ശ്രീ.രാമൻ.വി.<br>നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ | 1150000<br>(below 1.51%) | 808125 | ചെക്ക് നം.<br>204793/ 30.3.17 |

ടെണ്ടർ നടപടികൾ സുതാര്യമായും സർക്കാർ ഉത്തരവുകളും നിയമവും അനുശാസിക്കുന്ന രീതിയിലും മാത്രം നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-24 മരാമത്ത് പ്രവൃത്തികളുടെ ഫയലിൽ ആവശ്യമായ എല്ലാ രേഖകളും സൂക്ഷിക്കേണ്ടതാണ്

2016-17 വർഷത്തിൽ നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ പൊതുവായ അപാകതകൾ താഴെ ചേർക്കുന്നു.

- മരാമത്ത് പ്രവൃത്തികളുടെ ഫയലുകളിൽ കരാറുകാർക്ക് അയയ്ക്കുന്ന സെലക്ഷൻ നോട്ടീസ് സൂക്ഷിക്കുന്നില്ല.
- ടെണ്ടർ രജിസ്റ്ററിൽ ടെണ്ടറുകൾ ഭരണ സമിതി അംഗീകരിച്ച തിയതിയും തീരുമാനം

നമ്പറും ചേർക്കുന്നില്ല. ടെണ്ടർ അംഗീകരിച്ച കരാറുകാരന്റെ പേര് രേഖപ്പെടുത്തുന്നില്ല.

- കരാറുകാരൻ EMD,സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നീ ഇനങ്ങൾക്കായി അസി.എഞ്ചിനീയർക്ക് പ്ലെഡ്ജ് ചെയ്ത് സമർപ്പിക്കുന്ന FD Receipts വർക്ക് ഫയലുകളിൽത്തന്നെ സൂക്ഷിച്ചിരിക്കുന്നു. ഇവയുടെ വിവരങ്ങൾ സെക്യൂരിറ്റി രജിസ്റ്ററിൽ ചേർത്ത് സേഫ് കസ്റ്റഡിയിൽ സൂക്ഷിക്കേണ്ടതാണ്.
- പഞ്ചായത്തിൽ ലഭ്യമായ ടെന്റർ ഫോറങ്ങൾ അസിസ്റ്റന്റ് എഞ്ചിനീയർക്ക് വിതരണം ചെയ്യുമ്പോൾ ഇവ അസിസ്റ്റന്റ് എഞ്ചിനീയർ സ്റ്റോക്കിലെടുക്കുന്നില്ല. ടെന്റർ ഫോം സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

മരാമത്ത് പ്രവൃത്തികളുടെ രേഖകൾ കൃത്യമായി സൂക്ഷിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-25 NREGS - പണിയായുധങ്ങളുടെ വാടകയിനത്തിൽ നൽകിയ തുകകൾ ചെലവഴിക്കപ്പെടാതെ അവശേഷിക്കുന്നു.

തൊഴിലുറപ്പ പദ്ധതിയിൽ പണിയായുധങ്ങളുടെ വാടകയിനത്തിൽ 13 വാർഡുകളിലുള്ള CDS അക്കൗണ്ടുകളിലേക്കു 2014-15 മുതൽ നൽകിയ തുകകൾ ചെലവഴിക്കപ്പെടാതെ അവശേഷിക്കുന്നു. ഹാജരാക്കിയ വാർഡുകളിലെ പാസ്ബുക്കുകളിലുള്ള തുകകളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ബാങ്ക് - എസ്.ബി.ഐ., വല്ലപ്പുഴ

| വാർഡ് | അക്കൗണ്ട് നം. | തുക ₹. |
|---|---|---|
| 1 | 30462183686 | 6626 |
| 3 | 32397579632 | 6519 |
| 3 | 32418383334 | 6214 |
| 12 | 32469877678 | 2379 |
| 14 | 30398977068 | 1313 |
| | ആകെ | 23051 |

ചെലവഴിക്കപ്പെടാതെ അവശേഷിക്കുന്ന തുകകൾ വിനിയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.


# 3-26 എം.ജി.എൻ.ആർ.ഇ.ജി.എസ്. മുഖേനയുള്ള ജലസംരക്ഷണ പ്രവൃത്തികൾ അഭിനന്ദനാർഹം

2016-17 സാമ്പത്തിക വർഷം 1698 കുടുംബങ്ങൾ ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 822 കുടുംബങ്ങൾക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട്. 100

തൊഴിൽ ദിനങ്ങൾ ലഭിച്ച കുടുംബങ്ങളുടെ എണ്ണം 60 ആണ്. അംഗീകാരം ലഭിച്ച 470 പ്രവൃത്തികളിൽ 120 എണ്ണം നടപ്പിലാക്കിയിട്ടുണ്ട്. തൻ വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) 10188976/- രൂപയും ആകെ ചെലവ് 10174327/- രൂപയും ആണ്.

പദ്ധതി പ്രകാരം വൈവിധ്യമാർന്ന പ്രവൃത്തികൾ ഏറ്റെടുത്തു നടപ്പിലാക്കിയിട്ടുണ്ട്. ജലസേചന സൌകര്യം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി തോട്, കനാൽ എന്നിവ വൃത്തിയാക്കലും മണ്ണ് സംരക്ഷണത്തിന്റെ ഭാഗമായി ഭൂവികസനവും കുടിവെള്ള ക്ഷാമം പരിഹരിക്കാനായി കിണർ, കുളം എന്നിയുടെ നിർമ്മാണവും നടത്തിയിട്ടുണ്ട്.

ഓഡിറ്റ് വർഷം 70 കിണറുകളും 5 കുളങ്ങളും നിർമ്മിച്ച നൽകുകയും അതിൽ 62 കിണറുകളും 5 കുളങ്ങളും ജലസമൃദ്ധമാണെന്നതും അഭിനന്ദനാർഹമാണ്. ഫോട്ടോ ചേർക്കുന്നു.







# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2012-13 | 450000 | ലഭ്യമല്ല | --- | 450000 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 70000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള ധനസഹായം | 60000 | 10000 |
| ആകെ | | | | | 460000 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം./ട്രഷറി ബിൽ നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KWA, വല്ലപ്പുഴ | നായിക്കൻതൊടി കോളനി ഓടപ്പറമ്പ് പുറക്കാട്റോഡ് പൈപ്പ്ലൈൻ എക്സ്റ്റൻഷൻ 171/17 | 26/25.3.17 | 100000 | 0 | 100000 |
| KESB, വല്ലപ്പുഴ | പാണക്കോട് പന്നിയംകുന്ന് കുടിവെള്ളപദ്ധതി 176/17 | 21/31.3.17 | 151150 | 0 | 151150 |
| | | | 251150 | | 251150 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് ഗുണഭോക്തൃ സമിതികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഓഫീസ് കം ഷോപ്പിംഗ് കോംപ്ലക്സ് വായ്പ | G.O..2833/15 /LSGD/ 16.9.2015 | 14220000 | 8544385 | 610314 | 459730 | 7934071 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡികകളൊന്നും ഉൾപ്പെട്ടിട്ടില്ല.

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹.36980676/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹.38249599/- |
| വരവിനങ്ങളിലുള്ള നഷ്ടം | ₹.5000/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹.11500/- |

| | |
|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹.1341650/- |

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-3(1) | 5000 | | ₹.2500/- റെനി സൈമൺ സെക്രട്ടറി<br>₹.2500/-ചന്ദ്രൻ നായർ |
| 3-22 | | 11500 (fine) | ബിജിത്ത്.പി.കൃഷ്ണൻ,<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 5000 | 11500 | |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 225720 | ശ്രീ. ഉണ്ണികൃഷ്ണൻ<br>ഹെഡ് ക്ലർക്ക് (സെക്രട്ടറി ഇൻ ചാർജ്ജ്) |
| 3-10 | 521700 | വിജയൻ.കെ.ജെ.,<br>വി.ഇ.ഒ. |
| 3-17 | 151150 | ബിജിത്ത്.പി.കൃഷ്ണൻ,<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-19 | 407900 | ₹.137976-ദീപക്.എസ്.ആർ.,<br>അസിസ്റ്റന്റ് എഞ്ചിനീയർ<br>₹.269924-ബിജിത്ത്.പി.കൃഷ്ണൻ,<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-21 | 35180 | ബിജിത്ത്.പി.കൃഷ്ണൻ,<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 1341650 | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഖണ്ഡിക 3-5 - ₹. 2280/- (ആദായനികുതി) - ഉണ്ണികൃഷ്ണൻ, ഹെഡ് ക്ലാർക്ക് (ഇൻ ചാർജ്)

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഉണ്ണികൃഷ്ണൻ,<br>ഹെഡ് ക്ലാർക്ക് (ഇൻ ചാർജ്) | ഹെഡ് ക്ലാർക്ക്,<br>കോങ്ങാട് ഗ്രാമപഞ്ചായത്ത് | വൃന്ദാവൻ,<br>ആലങ്കോട് പി.ഒ.,<br>കടമ്പഴിപ്പുറം ഗ്രാമപഞ്ചായത്ത് |
| ചന്ദ്രൻ നായർ,<br>സെക്രട്ടറി | സെക്രട്ടറി, പോത്താനിക്കോട് ഗ്രാമപഞ്ചായത്ത് | കല്ലറക്കൽ വീട്,<br>നെല്ലിക്കുഴി.പി.ഒ.,<br>കോതമംഗലം,<br>എറണാകുളം – 686691 |
| ബിജിത്ത്.പി.കൃഷ്ണൻ,<br>അസിസ്റ്റന്റ് എഞ്ചിനീയർ | എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം | പത്മാലയം,<br>കരുവേലി പി.ഒ.,<br>ഏഴുകോൺ, കൊട്ടാരക്കര, കൊല്ലം |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | വിശദാംശം |
|---|---|---|
| 1996-97 | L.F.P/16/1544/13 /31-3-2014 | പുനരഭിപ്രായക്കുറിപ്പ് |
| 1997-98 | L.F.P/16/1544/13 /31-3-2014 | പുനരഭിപ്രായക്കുറിപ്പ് |
| 1998-99 | L.F.P/16/1544/13 /31-3-2014 | പുനരഭിപ്രായക്കുറിപ്പ് |
| 1999-00 | L.F.P/16/1544/13 /31-3-2014 | പുനരഭിപ്രായക്കുറിപ്പ് |
| 2000-01 | L.F.P/16/1544/13 /31-3-2014 | പുനരഭിപ്രായക്കുറിപ്പ് |
| 2001-02 | L.F.P/16/1544/13 /31-3-2014 | പുനരഭിപ്രായക്കുറിപ്പ് |
| 2002-03 | L.F.P/16/1544/13 /31-3-2014 | പുനരഭിപ്രായക്കുറിപ്പ് |
| 2003-04 | L.F.P/16/1544/13 /31-3-2014 | പുനരഭിപ്രായക്കുറിപ്പ് |
| 2004-05 | L.F.P/16/1544/13 /31-3-2014 | പുനരഭിപ്രായക്കുറിപ്പ് |
| 2005-06 | L.F.P/16/1544/13 /31-3-2014 | പുനരഭിപ്രായക്കുറിപ്പ് |
| 2006-07 | L.F.P/16/311(1)/13 /5-6-2013 | പുനരഭിപ്രായക്കുറിപ്പ് |
| 2007-08 | L.F.P/16/311(2)/13 /5-6-2013 | പുനരഭിപ്രായക്കുറിപ്പ് |
| 2008-09 | L.F.P/16/311(1)/13 /5-6-2013 | പുനരഭിപ്രായക്കുറിപ്പ് |

| | | |
|---|---|---|
| 2009-10 | L.F.P/16/1135/13 /14-3-2014 | പുനരഭിപ്രായക്കുറിപ്പ് |
| 2010-11 | L.F.P/16/1135/13 /14-3-2014 | പുനരഭിപ്രായക്കുറിപ്പ് |
| 2011-12 | L.F.P/16/1968/14 dt 4-12-2014 | ഓഡിറ്റ് റിപ്പോർട്ട് |
| 2012-13<br>2013-14<br>2014-15 | KSA-PKD16/1749/15 Dt.12-2-2016 | ഓഡിറ്റ് റിപ്പോർട്ട് |
| 2015-16 | KSA-PKD16/1879/16 Dt.06.01.2016 | ഓഡിറ്റ് റിപ്പോർട്ട് |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്

# അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം. കെ.എസ്.എ-പികെഡി16/1818/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

ഫോൺ - 04912420145

e-mail – dopkd.ksad@kerala.gov.in

തിയതി - 19-10-2017

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ വല്ലപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സാക്ഷ്യപത്രത്തിൽ അന്യത്ര ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വല്ലപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യപത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

അപാകതകളുടെ സംക്ഷിപ്തം

1. വാർഷിക ധനകാര്യപത്രികയിൽ രേഖപ്പെടുത്തിയ വസ്തുനികുതി ഡിമാന്റ്, അരിയർ ഡിമാന്റ് നീക്കിയിരിപ്പ് തുകകൾ ഡി.സി.ബി സ്റ്റേറ്റ്മെന്റ്, സഞ്ചയ സോഫ്റ്റ് വെയർ എന്നിവയിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.
2. ആസ്തിമൂല്യം തിട്ടപ്പടുത്തി സാംഖ്യയുമായി ബന്ധിപ്പിച്ചിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ

No. KSA-PKD16/1818/2017

Kerala State Audit Department

District Audit Office

Palakkad

Date –19-10-2017

Audit Certificate

Certified that I have audited the Annual Financial Statement of VALLAPUZHA Gramapanchayat in Palakkad District for the year ended on 31-3-2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of VALLAPUZHA Gramapanchayat for the year 2016-17 except the observations attached with this certificate properly presents the picture of income and expenditure.

Deputy Director

Abstract of Defects

1. The figures shown as the demand, arrear demand& balance of property tax (2016-17) inAFS, are not in agreement with the figures shown in DCB statement and Sanchaya Software.
2. Asset values not ascertained and linked with Sankhya.

Deputy Director